FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA NEWS

258 Issue
July-August, 2017

## പ്രധാന വാർത്തകൾ

ആതുരശുശ്രൂഷ: സഭയുടെ മിഷണറി പ്രവർത്തനത്തിന്റെ ഉത്തമ മാതൃക .......... 02
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

ക്രൈസ്തവ ആതുരശുശ്രൂഷയുടെ മഹത്തായ ലക്ഷ്യങ്ങൾ സംരക്ഷിക്കപ്പെടണം .......... 03
ഫാ. ജോഷി മയ്യാറ്റിൽ, പി.ഒ.സി പാലാരിവട്ടം

നഴ്സിംഗ് സമരത്തിലെ ചിന്താധാരകൾ .......... 04
ഫാ. ജിമ്മി പൂച്ചക്കാട്ട്

ഇന്ത്യ ഓരോ ഇന്ത്യക്കാരന്റെയും: ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട് ..... 05

പുതിയ രാഷ്ട്രപതിയോടു പറയുവാനുള്ളത് .......... 06
ബ്രദർ. എം.ഒ. ജോയി

നിസ്സംഗത പകർച്ചവ്യാധിപോലെ പടരുന്നു .......... 07
ഫാ. ജോളി വടക്കൻ, കെസിബിസി മാധ്യമക്കമ്മീഷൻ സെക്രട്ടറി

കരയാൻ കണ്ണീരില്ലാതെ കർഷകർ.... .......... 08
ആന്റണി ചടയംമുറി, പി.ഒ.സി, പാലാരിവട്ടം

ദേശീയ വിദ്യാഭ്യാസനയം: കസ്തൂരിരംഗൻ സമിതി ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കണം .......... 09
ഫാ. ജോസ് കരിവേലിക്കൽ, സെക്രട്ടറി, കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

കലാലയങ്ങൾ തല്ലിത്തകർക്കുന്നതിന് എന്തു ന്യായീകരണം?
ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി .......... 10

കത്തോലിക്കാ വിശ്വാസപാരമ്പര്യങ്ങൾ പൊതുനിരത്തിൽ കീറിമുറിക്കപ്പെടേണ്ടവയല്ല .......... 11

കെസിബിസി പ്രസ്താവനകൾ .......... 12-14
- കത്തോലിക്കാസഭയുടെ ആശുപത്രികളിൽ വേതനം പരിഷ്കരിക്കും .......... 12
- ന്യൂനപക്ഷ മന്ത്രാലയവും കമ്മീഷനും പിരിച്ചുവിടണമെന്ന വി.എച്ച്.പിയുടെ പ്രസ്താവന അപലപനീയം .......... 12
- മദ്യശാല: തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം റദ്ദാക്കരുത് .......... 13
- ഡോൺബോസ്കോ കോളേജ് ആക്രമണം: ഗവണ്മെന്റ് ശക്തമായ നടപടികളെടുക്കണം .......... 13
- നഴ്സുമാരുടെ ശമ്പളവർധന ഓഗസ്റ്റിൽ നടപ്പാക്കണം .......... 13
- ഗർഭഛിദ്രാനുമതി നിയമം പുന:പരിശോധിക്കണം അല്ലെങ്കിൽ പിൻവലിക്കണം .......... 14

കെസിബിസി വാർത്തകൾ .......... 14-15

വാർത്തകൾ .......... 15-20




**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Dr. Joseph Kariyil
Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: Jagrathakcbc.blogspot.com

## സന്ദേശം

# ആതുരശുശ്രൂഷ: സഭയുടെ മിഷണറി പ്രവർത്തനത്തിന്റെ ഉത്തമ മാതൃക



**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)

ആതുരശുശ്രൂഷ കത്തോലിക്കാസഭയുടെ മിഷണറി പ്രവർത്തനത്തിന്റെ ഒരു പ്രധാനപ്പെട്ട മേഖലയാണ്. ഇക്കാലമത്രയും ആരോഗ്യരംഗത്ത് മികച്ച സേവനം കാഴ്ചവയ്ക്കാൻ സഭയ്ക്ക് സാധിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല ചികിത്സ നല്കാൻ സഭാസ്ഥാപനങ്ങൾ ശ്രമിച്ചിട്ടുള്ളതിന്റെ ആദരവും അംഗീകാരവും സഭയ്ക്ക് സമൂഹത്തിൽ നിന്നും നേടിയെടുക്കാൻ കഴിഞ്ഞിട്ടുമുണ്ട്. സംവിധാനങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കാര്യത്തിൽ നമ്മുടെ ആശുപത്രികൾ മറ്റേതു മതസമുദായങ്ങളും വ്യക്തികളും സംഘടനകളും നടത്തുന്നവയെ കിടപിടിക്കുന്നതും ഏറെ മുൻപന്തിയിലുമാണെന്നത് ഏവർക്കും അറിവുള്ള കാര്യമാണ്.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് സാഹചര്യങ്ങൾ ഏറെ മാറിയിട്ടുണ്ട്. ആരോഗ്യ ശുശ്രൂഷമേഖലയിൽ ഇന്ന് കടുത്ത മത്സരം നിലനില്ക്കുന്നു. സാങ്കേതികവിദ്യകളുടെ മികവും ആധുനിക ഉപകരണങ്ങളുടെ അധികമായ ഉപയോഗവും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ ഏറെ സാമ്പത്തിക ബാധ്യതയുള്ളതാക്കിത്തീർക്കുന്നു. വിദഗ്ധരുടെ സേവനം ലഭിക്കുന്നതിനുള്ള ചെലവുകളും ഫീസുകളും ക്രമാതീതമായിരിക്കുന്നു. ആദ്യകാലങ്ങളിൽ നാം നല്കിയിരുന്ന സൗജന്യ ചികിത്സയും ചികിത്സാ ചെലവിലുള്ള ഇളവുകളും ഒഴിവാക്കാൻ നാം ഇന്ന് നിർബന്ധിതരായിരിക്കുന്നു. മാത്രമല്ല, ഏറ്റവും കുറഞ്ഞ ചെലവിൽ ചികിത്സ എന്ന ഊന്നലിൽ നിന്നും ഏറ്റവും മെച്ചപ്പെട്ടതും ഏറ്റവും ഫലപ്രദവുമായ ചികിത്സ സ്വീകരിക്കുക, അത് ലഭ്യമാക്കുക എന്ന കാഴ്ചപ്പാട് സ്വീകരിക്കാൻ നാം നിർബന്ധിതരായിരിക്കുന്നു.

ആശുപത്രി ജീവനക്കാരുടെ ശമ്പളവർധനവിനുള്ള ആവശ്യത്തെ സഭ അനുഭാവപൂർവമാണ് കാണുന്നത്. ജീവിത നിലവാരത്തിന്റെ ഉയർച്ചയും നാണ്യപ്പെരുപ്പവും വിലസൂചികയുടെ വർധനവുമനുസരിച്ച് ജീവനക്കാരുടെ ശമ്പളം വർധിപ്പിക്കേണ്ടത് ന്യായമായ ആവശ്യമാണ്. ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പളം നല്കാൻ സഭാധികാരികൾ പ്രതിജ്ഞാബദ്ധരാണ്. ആയതിനാൽ കാലാകാലങ്ങളിൽ ശമ്പളത്തിൽ ന്യായമായ വർധന നല്കുന്നതിൽ ശ്രദ്ധിക്കാറുണ്ട്. മാത്രമല്ല, കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മിനിമം ശമ്പളം നല്കേണ്ടതു നിയമപരവും ധാർമികവുമായ ഉത്തരവാദിത്വമാണ്. കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ആതുര ശുശ്രൂഷാകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും നിയമാനുസൃതവും മാതൃകാപരവുമായ നടത്തിപ്പും എല്ലാ ജീവനക്കാർക്കും ന്യായമായ വേതനവും മറ്റാനുകൂല്യങ്ങളും നല്കുന്നുവെന്നും ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം. ആരോഗ്യശുശ്രൂഷാമേഖലയിൽ കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ മുമ്പിൽ എന്നും മാതൃകയായി നിലകൊള്ളണം. അതിന് ഈ മേഖലയിൽ ഇന്ന് അതീവജാഗ്രതയോടുകൂടിയ പുനർവിചിന്തനങ്ങൾ അനിവാര്യമാണ്.

വേതന പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ ചെറുകിട ആശുപത്രികൾ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലുള്ള ചെറിയ ആശുപത്രികൾ, നഴ്സിങ്ങ് ഹോമുകൾ എന്നിവ അനുഭവിക്കുന്ന പ്രായോഗിക വിഷമതകൾ ഗൗരവപൂർവം പരിഗണിച്ച് അവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഇവയുടെ നിലനില്പ് പ്രതിസന്ധിയിലാകാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട സ്ഥാപനങ്ങളുടെ തകർച്ച കേരളത്തിന്റെ പൊതുജന ആരോഗ്യരംഗത്ത് വൻ പ്രതിസന്ധി സൃഷ്ടിക്കും. സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത ചികിത്സാചെലവിലേക്ക് കേരളത്തെ തള്ളിവിടാതിരിക്കാൻ സർക്കാർ മുൻകരുതൽ സ്വീകരിക്കണം.

# ക്രൈസ്തവ ആതുരശുശ്രൂഷയുടെ മഹത്തായ ലക്ഷ്യങ്ങൾ സംരക്ഷിക്കപ്പെടണം

**ഫാ. ജോഷി മയ്യാറ്റിൽ,** പി.ഒ.സി പാലാരിവട്ടം

**ചാ**തുർവർണ്യവും അജ്ഞതയും തലതിരിഞ്ഞ ധാർമിക ബോധവും സ്ത്രീയുടെ പിന്നാക്കാവസ്ഥയുമെല്ലാം ചേർന്ന് ഭാരതത്തിലെ ആരോഗ്യപരിചരണമേഖലയിൽ നൂറ്റാണ്ടുകളോളം തികഞ്ഞ ശൂന്യത സൃഷ്ടിച്ചിരുന്നു. സൂതികർമിണികൾ മാത്രമായിരുന്നു പറയത്തക്ക നഴ്സുമാർ. ഈ പശ്ചാത്തലത്തിൽ, ഭാരതത്തിലെ നഴ്സിങ്ങ് മേഖലയ്ക്കു തുടക്കംകുറിച്ചത് ക്രൈസ്തവസംസ്കാരമായിരുന്നു. 1664-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി മദ്രാസിൽ ആരംഭിച്ച മിലിറ്ററി ആശുപത്രിയിൽ നഴ്സിങ്ങ് ശുശ്രൂഷയ്ക്കായി സ്ത്രീജനങ്ങൾ എത്തിയത് ലണ്ടനിൽനിന്നായിരുന്നു.

നഴ്സിങ്ങിന്റെ ശാസ്ത്രീയ പരിശീലനത്തിനു തുടക്കംകുറിച്ച ഫ്ളോറൻസ് നൈറ്റിംഗേലിന്റെ സവിശേഷ ശ്രദ്ധയും പിന്തുണയും ഭാരതത്തിന്റെ നഴ്സിങ്ങ് പരിശീലനമേഖലയിലുണ്ടായിരുന്നു എന്നത് പലർക്കും അറിഞ്ഞുകൂടാ. ഇന്ത്യയിലെ



പട്ടിണിയകറ്റാൻ സ്ത്രീജനങ്ങളെ ആതുരശുശ്രൂഷ പഠിപ്പിക്കണമെന്ന വിപ്ലവകരമായ നിലപാടാണ് നൈറ്റിംഗേലിനുണ്ടായിരുന്നത്. 1867-ൽ ഡൽഹി സെന്റ് സ്റ്റീഫൻസ് ഹോസ്പിറ്റലിൽ ഇന്ത്യൻ നഴ്സുമാരെ പരിശീലിപ്പിക്കാനുള്ള പ്രഥമകേന്ദ്രം ആരംഭിച്ചത് നൈറ്റിംഗേലിന്റെ ഒത്താശയോടുകൂടെയായിരുന്നു.

കേരളത്തിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. തിരുവനന്തപുരത്തും കൊല്ലത്തും സർക്കാർ ആശുപത്രികളിൽ ഇന്ന് ഹോളിക്രോസ് കോൺവെന്റുകൾ ഉള്ളതിന്റെ ചരിത്രം ആരെങ്കിലും തിരഞ്ഞിട്ടുണ്ടോ? തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീമൂലം തിരുനാൾ രാമവർമ മഹാരാജാവ് കൊട്ടാരംവൈദ്യനായ ഡോ. പുന്നൻ ലൂക്കോസിന്റെ അഭിപ്രായം മാനിച്ച് സ്വിറ്റ്സർലണ്ടിൽനിന്നുള്ള മിഷനറിയും കൊല്ലം മെത്രാനുമായിരുന്ന അലോഷ്യസ് മരിയ ബെൻസിഗർ പിതാവിനെ ചെന്നുകണ്ട് അഭ്യർത്ഥിച്ചതിന്റെ ഫലമാണ് കേരളത്തിൽ ഇന്നു കാണുന്ന നഴ്സിങ്ങ് സമ്പ്രദായം. 1906-ൽ സ്വിറ്റ്സർലണ്ടിൽനിന്നു വന്ന ഹോളിക്രോസ് സിസ്റ്റേഴ്സിന്റെ ശുശ്രൂഷാചൈതന്യവും അർപ്പണമനോഭാവവും മലയാളിയുടെ കാഴ്ചപ്പാടുകളെ മാറ്റിമറിച്ചു. തിരുവനന്തപുരം ജനറലാശുപത്രിയോടുചേർന്ന് സി. ഫ്രാൻസി, സി. കമില്ല, സി. പൗള എന്നിവരുടെ നേതൃത്വത്തിൽ സ്ഥാപിച്ച നേഴ്സിങ്ങ് പരിശീലനകേന്ദ്രം മഹാവിജയമായി. അങ്ങനെ, കേരളത്തിലെ നഴ്സിങ്ങ് മേഖല വളർന്നത് ക്രൈസ്തവ മാനവികതയുടെ മടിത്തട്ടിലാണ്.

ആതുരസേവനം ക്രിസ്തുവിശ്വാസത്തോട് ഏറെ ചേർന്നുപോകുന്നതുകൊണ്ടുതന്നെയായിരിക്കണം നഴ്സുമാരിൽ ഏതാണ്ട് 80 ശതമാനംപേരും ക്രൈസ്തവരായിരിക്കുന്നത്. യേശു നടത്തിയ നിരവധി രോഗശാന്തികളും നല്ല സമരിയാക്കാരനെക്കുറിച്ചുള്ള അവിടത്തെ ഉപമയും (ലൂക്കാ 10:25-37) അന്ത്യവിധിയെക്കുറിച്ചുള്ള പ്രബോധനവുമെല്ലാം (മത്താ 25:31-46) നഴ്സിങ്ങ് ശുശ്രൂഷയുടെ ക്രൈസ്തവാടിത്തറകൾതന്നെ.

എന്നാൽ, ക്രൈസ്തവ ദൈവശാസ്ത്രം സുശക്തമായ അടിത്തറ പാകിവളർത്തിയ നഴ്സിങ്ങ് മേഖല കേരളത്തിൽ പ്രതിസന്ധികൾക്കിടയിലമർന്ന് പ്രക്ഷോഭത്തിലൂടെ അലയുകയാണ്. 2013-ൽ ശമ്പളവർധനയ്ക്കായി മുദ്രാവാക്യം മുഴക്കാൻ നിർബന്ധിതരായ നൈറ്റിംഗേലിന്റെ പിൻഗാമികൾക്ക് 2017-ൽ വീണ്ടും പ്രക്ഷോഭത്തിലേക്കിറങ്ങേണ്ടിവന്നു, തങ്ങളുടെ ജീവിതച്ചെലവിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ. നഴ്സുമാരുടെ സമരം പ്രതിസ്ഥാനത്തു നിറുത്തിയത് പ്രൈവറ്റു മാനേജുമെന്റുകളെയാണെങ്കിലും മുഖ്യപ്രതിസ്ഥാനത്തായിപ്പോയത് കത്തോലിക്കാസഭതന്നെയാണ്.

മിഷനറിമാർ ഇവിടെ ആതുരസേവനവും വിദ്യാഭ്യാസവുമെല്ലാം തുടങ്ങിവച്ചത് ക്രിസ്തുവിനെ പകർന്നു നല്കാനുള്ള മാർഗങ്ങളായി മാത്രമായിരുന്നു. ഇന്നാകട്ടെ, ഈ മേഖലകൾ പലർക്കും ലക്ഷ്യങ്ങളും വിഗ്രഹങ്ങളുമായി മാറിക്കഴിഞ്ഞു! സുവിശേഷപ്രഘോഷണമെന്ന ലക്ഷ്യത്തിനു വിഘാതം സൃഷ്ടിക്കുംവിധം എതിർസാക്ഷ്യം നല്കുന്നവയായി പല ക്രൈസ്തവസ്ഥാപനങ്ങളും അധ:പതിച്ചിരിക്കുന്നു. മിഷൻ മറന്ന ഈ സ്ഥാപനങ്ങൾ ഇനിയും നമുക്കു വേണോ? ക്രിസ്തുവിനെ ഫലപ്രദമായി പ്രഘോഷിക്കാൻ സഹായകമല്ലാത്തതോ പ്രതിസാക്ഷ്യകാരണമായിത്തീരുന്നതോ ആയ മേഖലകൾ ഒഴിവാക്കി കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും ആത്മാവിന്റെ സ്വതന്ത്രവഴികൾ തിരിച്ചറിഞ്ഞും സർഗാത്മകത തുരുമ്പെടുക്കാനനുവദിക്കാതെ മിഷന്റെ ബദൽമാർഗങ്ങൾ തേടാനുള്ള വിവേകമാണ് ഇന്നു നമുക്കു വേണ്ടത്. ക്രൈസ്തവ ആതുരശുശ്രൂഷയുടെ മഹത്തായ ലക്ഷ്യങ്ങൾ സംരക്ഷിക്കുവാൻ ഈ രംഗത്തെ കൂട്ടായ പുനർവിചിന്തനങ്ങൾ അനിവാര്യമാണ്.

# നഴ്സിംഗ് സമരത്തിലെ ചിന്താധാരകൾ

## ഫാ. ജിമ്മി പൂച്ചക്കാട്ട്

**കേ**രളത്തിലെ പൊതുസമൂഹത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട നഴ്സിംഗ് സമരവുമായി ബന്ധപ്പെട്ട് നഴ്സുമാർക്ക് ശമ്പളം നല്കാത്ത ഏറ്റവും മോശക്കാർ സഭയുടെ ആശുപത്രികളാണ് എന്നുള്ള രീതിയിൽ വ്യഖ്യാനങ്ങളുണ്ടായി. ആശുപത്രി മാനേജുമെന്റും സഭാ നേതൃത്വവും ആവശ്യത്തിലധികം ആക്രമിക്കപ്പെട്ടു.

തൃശൂരിൽ ആദ്യമായി സമരം നടക്കുമ്പോൾ അവിടത്തെ 44 പ്രൈവറ്റ് ആശുപത്രികളിൽ നാലെണ്ണം മാത്രമാണ് കത്തോലിക്കാ മാനേജുമെന്റുകളുടേതെന്നും അതിൽ ഒരു ആശുപത്രിയെപറ്റി മാത്രമാണ് സമരക്കാർക്കു പോലും പരാതിയുണ്ടായിരുന്നതെന്നും കൃത്യതയോടെ ധരിപ്പിക്കാൻ സാധി




ക്കാതെ പോയി. ഇതെപ്പറിയുള്ള ചർച്ചകളും മറ്റും നടക്കുമ്പോൾ ആശുപത്രി മുതലാളിയുടെ സ്ഥാനത്ത് സഭയുടെ പ്രതിനിധി പ്രത്യക്ഷപ്പെട്ട് എല്ലാവർക്കും വേണ്ടി സംസാരിക്കേണ്ടി വരുന്ന അവസ്ഥയുണ്ടായപ്പോൾ, ശമ്പളം നല്കാത്ത ആശുപത്രികളെല്ലാം സഭയുടേതാണ് എന്ന് ജനം തെറ്റിദ്ധരിച്ചു. ആതുരസേവനം കൊണ്ട് കൊള്ളലാഭമുണ്ടാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന എല്ലാവരും അർത്ഥഗർഭമായ മൗനം പാലിച്ച് വിജയം കണ്ടു.

പ്രൈവറ്റ് ആശുപത്രികളുടെ കൂട്ടായ്മകളിലും അവയുടെ ഫെഡറേഷനുകളിലും സഭയുടെ സ്ഥാപനങ്ങൾ ഭാഗമാകുകയും അതിന്റെ നേതൃസ്ഥാനംവരെ അലങ്കരിക്കുകയും ചെയ്തത്, വിഴുങ്ങാനും തുപ്പാനും വയ്യാത്ത അവസ്ഥയിൽ കാര്യങ്ങളെ കൊണ്ടെത്തിച്ചു. കത്തോലിക്കാ സഭ ആതുരശുശ്രൂഷ നടത്തുന്നതിന് സാമൂഹ്യസേവനം, മനുഷ്യനന്മ എന്ന ലക്ഷ്യമേയുള്ളൂ... അതു മാത്രമേ ഉണ്ടാകാവൂ. എന്നാൽ സ്വകാര്യ വ്യക്തികളും അവരുടെ കൂട്ടായ്മകളും നടത്തുന്ന ആശുപത്രികൾക്ക് ലാഭം എന്നൊരു ലക്ഷ്യമുണ്ട്. വ്യത്യസ്തമായ രണ്ടു ലക്ഷ്യങ്ങളോടെ കാര്യങ്ങൾ നിർവ്വഹിക്കുന്നവർക്ക് എങ്ങനെ ഒരേ കൂട്ടായ്മയായിരിക്കാനാവും? ഒന്നുകിൽ, സഭ ലാഭം/നഷ്ടം എന്ന വ്യവസായ കണക്കുകൂട്ടലുകളിലേക്കു നീങ്ങണം. അല്ലെങ്കിൽ, മറ്റുള്ളവർക്ക് ശുശ്രൂഷ മാത്രം എന്ന ആശയത്തിലേക്കു കടന്നുവരണം.

ഈ നഴ്സിങ്ങ് സമരവേദിയിൽ സഭ മുതലാളിമാരുടെ ഭാഗത്തായിപ്പോയോ!!! സഭയുടെ സാമൂഹ്യ പ്രതിബദ്ധതയ്ക്ക് മങ്ങലേറ്റോ??? നഴ്സുമാരുടെ സമരം ന്യായമാണ് എന്ന് കെസിബിസി പ്രസിഡന്റ് അഭിവന്ദ്യ സുസൈപാക്യം പിതാവിന്റെ പ്രാസ്താവന, ഇപ്പോൾ നല്കിവരുന്ന ശമ്പളത്തെക്കാൾ കുറച്ചുകൂടി കൂടുതൽ നല്കാൻ സഭ ആഗ്രഹിക്കുന്നുവെന്നതിന്റെ നേർസാക്ഷ്യം തന്നെയാണ്. പുതുക്കിയ നിരക്ക് ഗവൺമെന്റ് പ്രസ്താവിച്ചതിനു ശേഷമുള്ള പ്രസ്താവനകളോ പത്രക്കുറിപ്പുകളോ ജനം എന്തു മാത്രം മുഖവിലയ്ക്കെടുത്തു എന്നത് മറ്റൊരു കാര്യം. 1891-ൽ ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പ നല്കിയ 'റേരും നൊവാരും' തുടങ്ങിയ സഭാപ്രബോധനങ്ങൾ മുതൽ ജോലിക്കാർക്കു കൃത്യമായ വേതനം നലക്ണമെന്നുംചാരിറ്റിയുടെ പേരിൽ അവരുടെ ശമ്പളം കുറയ്ക്കരുത് എന്നും 2017 ജൂലൈ 3-ന് ആഹ്വാനം ചെയ്ത കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ വാക്കുകൾ വരെ ഫലം കാണാതെ പോയോ എന്ന് സഭാസ്നേഹികൾ ചിന്തിക്കണം.

ഇതിനു പിന്നിൽ വലിയ ഗൂഢാലോചനയുണ്ടെന്നും സഭയെ തകർക്കാൻ ശ്രമിച്ചവരുടെ കളിയാണ് കണ്ടതെന്നും എല്ലാം പറയുന്നവരുണ്ട്. ശരിയായിരിക്കാം. അവരുടെ ഗൂഢാലോചനയ്ക്കു പിന്നിൽ നമ്മൾ പെട്ടുപോയോ എന്നാണു ചിന്തിക്കേണ്ടത്. ക്രൈസ്തവ ആശുപത്രികളെ, പ്രത്യേകമായി ചെറിയ ആശുപത്രികളെ, പൂട്ടിക്കുക എന്ന ഗൂഢതന്ത്രമാണ് ഇതിനു പിന്നിലെന്നു പറയുന്നുണ്ട്.

സാമൂഹ്യപ്രതിബദ്ധതയും തൊഴിലാളി സ്നേഹവും മുഖമുദ്രയാക്കിയ സഭയുടെ സൽപേര് കളങ്കപ്പെടുത്തുന്നതാരായാലും സഭാസംവിധാനവും, സഭാനേതൃത്വവും ഇടപെട്ട് നേർവഴിക്കു നയിച്ചില്ലെങ്കിൽ കണ്ണടച്ചാൽ ഇരുട്ടാകും എന്നു പറയുന്ന ഭോഷന്മാരുടെ കൂടെ നമ്മളും എണ്ണപ്പെടും. **(സത്യദീപം, 27 ജൂലൈ 2017, ഫാ. ജിമ്മി പൂച്ചക്കാട്ട് എഴുതിയ ലേഖനത്തിന്റെ സംക്ഷിപ്തം)**

# വിമർശനം മാത്രം പോരാ, നടപടി ഉണ്ടാകണം

**രാ**ജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളെ വല്ലാതെ വിഷമിപ്പിക്കുന്ന അന്തരീക്ഷംതന്നെ ഇവിടെ വളർന്നുവരുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിതന്നെ ഇക്കഴിഞ്ഞ ദിവസം ഗുജറാത്തിലെ സബർമതി ആശ്രമത്തിൽ ചെയ്ത പ്രസംഗത്തിൽ ഗോരക്ഷകരെന്ന് അവകാശപ്പെടുന്ന അക്രമികളുടെ ചെയ്തികളെ അപലപിക്കേണ്ടിവന്നു. മോദിസർക്കാർ അധികാരമേറ്റശേഷം ഗോഭക്തരും അല്ലാത്തവരുമായ ഒട്ടേറെപ്പേർ ന്യൂനപക്ഷ സമുദായങ്ങൾക്കുനേരെയും ദളിത്‌വിഭാഗങ്ങൾക്കുനേരെയും പലതരം അക്രമങ്ങൾ അഴിച്ചുവിട്ടു. ആ സംഭവങ്ങളിൽ വേണ്ടത്ര കർശനമായ നടപടി ഉണ്ടായിട്ടില്ല. അതാണ് അത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാൻ കാരണം. ......

പ്രധാനമന്ത്രിയുടെ പ്രസ്താവനയെ സ്വാഗതം ചെയ്യുമ്പോൾതന്നെ ആ പ്രസ്താവനയോടു നീതി പുലർത്തുന്ന നടപടികൾ അദ്ദേഹവും സർക്കാരും തുടങ്ങണം എന്ന് അഭ്യർഥിക്കേണ്ടതുണ്ട്. മനുഷ്യരെ സംഘം ചേർന്നു കൊലപ്പെടുത്തിയ ഏതാനും സംഭവങ്ങൾ മാത്രമാണു മുമ്പു പരാമർശിച്ചത്. എന്നാൽ, അവ മാത്രമല്ല ന്യൂനപക്ഷ ജന

സാമാന്യത്തിനിടയിൽ ആശങ്ക വളർത്തുന്നത്. ആരാധനാലയങ്ങളും മതപ്രതീകങ്ങളും തകർക്കുന്നത്, മതപരമായ ആരാധനയും മതാധ്യാപനവും കൂടിച്ചേരലുകളും തടയുന്നത്, നിർബന്ധപൂർവം തിരികെ മതം മാറ്റുന്നത് തുടങ്ങിയ സംഭവങ്ങൾ ദിവസേന അരങ്ങേറുന്നു. മിക്ക കേസുകളിലും പ്രാദേശികഭരണകൂടങ്ങളും നിയമപാലകരും കാണാത്തമട്ടു നടിക്കുകയാണ്. പ്രശ്നം ഉണ്ടെന്ന് അംഗീകരിക്കാതിരിക്കുന്നതുതന്നെ ഇപ്പോഴത്തെ പ്രത്യേക അന്തരീക്ഷത്തെ കാണിക്കുന്നു. വസ്തുതയെ നിരാകരിച്ചുകൊണ്ടു പ്രശ്നങ്ങൾ ഇല്ലെന്നു വരുത്താനുള്ള വിഫലശ്രമമാണത്. ......

പശുവിന്റെ പേരിലും ഇറച്ചിയുടെ പേരിലും മനുഷ്യരെ ആക്രമിക്കുകയും കൊല്ലുകയും ചെയ്യുന്നവരെ പൊതുവേ വിമർശിച്ചതു കൊണ്ടു പ്രധാനമന്ത്രിയുടെ ചുമതല തീരുന്നില്ല. നിയമം കൈയിലെടുക്കുന്നവരെ നിയമം കർശനമായി നേരിടുന്നു എന്ന് ഉറപ്പുവരുത്തണം.

വിമർശിക്കുന്ന മാധ്യമങ്ങളുടെ വായടയ്ക്കാനോ വിദേശ രാഷ്ട്രങ്ങളുടെ ശ്രദ്ധയിൽപ്പെടാനോവേണ്ടി ചില പ്രസ്താവനകൾ നടത്തിയതുകൊണ്ടു ന്യൂനപക്ഷ സമുദായങ്ങളുടെ ഭീതിയും ആശങ്കയും അകറ്റാൻ കഴിയില്ല. വൈവിധ്യവും ബഹുസ്വരതയും അനുവദിക്കുന്നതാണു ഭരണകൂട നയമെന്ന് അനുഭവവേദ്യമാകണം. അതിനു വിപരീതമായി പ്രവർത്തിക്കുന്നവർ നിയമലംഘകരാണെന്ന് അവരെ ബോധ്യപ്പെടുത്തണം അപ്പോഴേ ഭരണനേതൃത്വം അതിന്റെ രാജധർമം നിർവഹിക്കുന്നതായി ജനം മനസിലാക്കൂ. **(ദീപിക, 1/7/2017)**

# ഇന്ത്യ ഓരോ ഇന്ത്യക്കാരന്റേയും

## ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്

ഇന്ത്യ തകരാതിരിക്കണമെങ്കിൽ യഥാർഥ ഇന്ത്യയെക്കുറിച്ചു സംസാരിക്കണം. ഇന്നത്തെ രാഷ്ട്രീയക്കാർ യഥാർഥ ഇന്ത്യയെക്കുറിച്ചല്ല സംസാരിക്കുന്നത്. ഇന്ത്യ ഓരോ ഇന്ത്യക്കാരന്റെയുമാണ്. ഇന്നു സാമൂഹ്യനീതിയുടെ പേരിൽ പലരും പറയുന്നത് കച്ചവടനീതിയാണ്. ഭരണഘടനയിൽ മാത്രമേ സമത്വം കാണാനുള്ളൂ, രാഷ്ട്രീയത്തിലും ഭരണത്തിലും കാണുന്നില്ല. സെക്കുലർ ഇന്ത്യയെ ഉറക്കിക്കളയുകയോ മുക്കിക്കളയുകയോ ആണ് പലപ്പോഴും ''ഞങ്ങൾ''എന്ന കുടുംബാന്തരീക്ഷം നഷ്ടപ്പെടുന്നു. ഭൂരിപക്ഷത്തിന്റെ മേൽക്കോയ്മയിന്മേൽ ന്യൂനപക്ഷങ്ങൾ വിസ്മരിക്കപ്പെടുന്നു.



സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും മന:ശാസ്ത്രപരവും വിശ്വാസപരവുമായ അരാജകത്വം ഇന്നു ഭാരതത്തിലുണ്ട്. ഇതെല്ലാം നമ്മുടെ ദേശീയതയെ ചോദ്യം ചെയ്യുന്നുണ്ട്. ഭാരതത്തിൽ കോടിക്കണക്കിനു ഹിന്ദുക്കളുണ്ട്. പക്ഷേ അതു ഭാരതത്തെ ഹിന്ദുരാജ്യമാക്കുന്നില്ല. ഭാരതത്തിന്റെ തനിമ ഇവിടുത്തെ ഓരോ പൗരനോടും ഓരോ മതവിശ്വാസിയോടും ഇടകലർന്നു നില്ക്കുന്നു. ജനാധിപത്യം സ്വേച്ഛാധിപത്യമാകുന്ന പ്രവണതയും ഭാരതത്തിൽ വളർന്നു വരുന്നുണ്ട്. യഥാർഥ ദേശീയത നഷ്ടപ്പെടാതിരിക്കാൻ രാഷ്ട്രത്തിന്റെ സ്വേച്ഛാധിപത്യ പ്രവണതയുടെ നേർക്ക് നമുക്കു ജാഗ്രത വേണം.

വ്യക്തിജീവിതത്തിലേക്ക് അനിയന്ത്രിതമായ രീതിയിൽ കടന്നുവരുന്ന രാഷ്ട്രം ദേശീയതയുടെ അന്തകനാണ്. രാഷ്ട്രത്തിന്റെ ഭാവി എല്ലാവരെയും ആശ്രയിച്ചാണിരിക്കുന്നത്. ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രം ആശ്രയിച്ചല്ല. ഉന്നതമായ ദേശീയതയ്ക്കു പിറവി കൊടുക്കാൻ യോഗ്യതയുള്ള രാജ്യമാണു ഭാരതം. 'ഞങ്ങൾ'എന്ന ദാർശനികത മാറ്റിനിർത്തി 'ഞാൻ'എന്ന സ്വേച്ഛാധിപത്യ ആദർശം തിരുകിക്കയറ്റിയാൽ ഇന്ത്യൻ ദേശീയത അപ്രത്യക്ഷവും അപ്രസക്തവുമാകും.

മതസ്വാതന്ത്ര്യമാണ് ഒരു രാജ്യത്തു രാഷ്ട്രീയ സമൂഹത്തെക്കാൾ പ്രാധാന്യമുള്ള ഒരു സമൂഹമുണ്ടെന്നു കാണിക്കുന്നത്. മതസ്വാതന്ത്ര്യം എല്ലാ സ്വാതന്ത്ര്യങ്ങളുടെയും അടിത്തറയാണ്. ഒരു രാഷ്ട്രീയ സമൂഹം മതസ്വാതന്ത്ര്യം നിഷേധിക്കുമ്പോൾ അതു മറ്റെല്ലാ സ്വാതന്ത്ര്യത്തെയുമാണു നിഷേധിക്കുന്നത്.

ദേശീയതയിൽ അയൽപക്കബന്ധം വളരെ പ്രധാനപ്പെട്ടതാണ്. ദേശീയത അടിത്തറയിൽ നിന്നും ഉള്ളിൽനിന്നും വളരേണ്ട ഒന്നാണ്. അകത്തുനിന്നു പുറത്തേയ്ക്കു വളരുന്ന, ജീവിക്കുന്ന ഒരു തത്ത്വശാസ്ത്രമാണു ദേശീയത. അയൽപക്കക്കാർ തമ്മിൽ ബന്ധപ്പെടുന്ന വിധത്തിൽനിന്ന് ഒരു പ്രത്യേകഭാഷ സംസാരിക്കുന്ന കൂട്ടായ്മയിൽനിന്നും ഒരു പ്രത്യേക സ്ഥലത്തോടുള്ള വൈകാരികമായ ബന്ധത്തിൽനിന്നും അതിന്റെ ചരിത്രത്തോടും സംസ്കാരത്തോടും ബന്ധപ്പെടുന്ന ശൈലികളിൽനിന്നും ഒരു രാജ്യത്തിന്റെ നിയമപാലനത്തിൽനിന്നും വിവിധ മതങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിൽ നിന്നുമാണ് ദേശീയത പിറക്കുന്നത്.


1931–ൽ ഗാന്ധിജി എഴുതി: ഏറ്റവും ദരിദ്രരായവർ അവരുടേതെന്ന് ആത്മാർഥമായി കരുതുകയും അതിന്റെ സൃഷ്ടിയിൽ തങ്ങൾക്കുകൂടി നിർണായകമായ പങ്കുണ്ട് എന്നു വിശ്വസിക്കുകയും ചെയ്യുന്ന ഭാരതനിർമിതിക്കുവേണ്ടി ഞാൻ യത്നിക്കും. ആ ഭാരതത്തിൽ ഉയർന്നവരെന്നോ താഴ്ന്നവരെന്നോ ഉള്ള വേർതിരിവില്ല. എല്ലാ മത സാമുദായിക വിഭാഗങ്ങളും അവിടെ പൂർണമായ യോജിപ്പിൽ സഹവസിക്കും. അയിത്തം, മദ്യം, ലഹരി, പദാർഥങ്ങൾ എന്നിവയ്ക്ക് എന്റെ ഭാരതത്തിൽ സ്ഥാനമുണ്ടാവുകയില്ല. അവിടെ സ്ത്രീ–പുരുഷ സമത്വം വാക്കിലും പ്രവൃത്തിയിലും നിലനില്ക്കും. ശബ്ദമില്ലാത്ത കോടാനുകോടി ജനങ്ങളുടെ താത്പര്യം ആ ഭാരതത്തിൽ മാനിക്കപ്പെടും അതിനു ദേശ–വിദേശ പരിഗണന ഉണ്ടാവില്ല. അതാണ് എന്റെ സ്വപ്നത്തിലുള്ള ഭാരതം. **(ദേശീയതയുടെ കാണാപ്പുറങ്ങൾ, ദീപിക, 22/7/2017)**

# പുതിയ രാഷ്ട്രപതിയോടു പറയുവാനുള്ളത്

**ബ്രദർ. എം.ഒ. ജോയി**

ഓരോ പൗരന്റെയും മൗലികാവകാശങ്ങൾ ജാതിമതവർണ വ്യത്യാസമില്ലാതെ ആദരിക്കാൻ എല്ലാ രാഷ്ട്രീയാധികാരികൾക്കും സർക്കാരിനും വിശിഷ്യാ, പ്രഥമപൗരന് കടമയുണ്ട്. ജനാധിപത്യവും മതേതരത്വവും ശക്തിപ്പെടുത്താനും മനുഷ്യമഹത്ത്വം ഉയർത്തിപ്പിടിക്കാനും മൂല്യങ്ങൾ പുന:സ്ഥാപിക്കാനുമുള്ള ധാർമിക ശക്തിയായി പ്രഥമപൗരൻ മുൻപിലുണ്ടാകണം. ഭരണഘടന അംഗീകരിക്കുന്ന മതസ്വാതന്ത്ര്യത്തെ അതിന്റെ പൂർണതയിൽ ഉൾക്കൊള്ളുന്ന വ്യക്തിയായിരിക്കണം നമ്മുടെ പ്രഥമ പൗരൻ. ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കുമ്പോഴും പരിമിതപ്പെടുത്തുമ്പോഴും അത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും മങ്ങലേല്പിക്കുമെന്നതിൽ തർക്കമില്ല. മതാധിഷ്ഠിതമായ ഒരു രാജ്യമല്ല, മതേതരത്വരാജ്യമാണ് നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നത്. ഭൂരിപക്ഷ മതവിഭാഗത്തിൽപ്പെടാത്തവരെ അന്യരും രാജ്യദ്രോഹികളുമായി ചിത്രീകരിക്കുന്നതിനുപകരം ന്യൂനപക്ഷമായ അവർക്ക് സമ്പൂർണ സംരക്ഷണവും സുരക്ഷിതത്വബോധവും വിഭാവനംചെയ്യുന്ന ഭരണഘടനയുടെ കാവലാൾ ആയിരിക്കണം രാജ്യത്തിന്റെ പ്രഥമപൗരൻ.

ഭരണഘടന വിഭാവനംചെയ്യുന്ന മൂല്യങ്ങളുടെ നീതിപൂർവകമായ പ്രകാശനമായിരിക്കണം അങ്ങയുടെ അധികാരവിനിയോഗത്തിലൂടെ അനാവൃതമാകേണ്ടത്. രാഷ്ട്രപതി എന്ന നിലയിൽ ഭരണഘടനയെ സംരക്ഷിക്കുവാനും പരിപാലിക്കുവാനുമുള്ള എല്ലാ ശ്രമങ്ങളും അങ്ങയുടെ ഭാഗത്തു നിന്നുമുണ്ടാകണം. ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തിന്റെ അഖണ്ഡതയും അന്തസ്സും സാഹോദര്യവും കാത്തുസൂക്ഷിക്കുവാൻ അങ്ങ് പ്രതിജ്ഞാബദ്ധനായിരിക്കണം.



ജനാധിപത്യമൂല്യങ്ങൾക്കും സമൂഹത്തിന്റെ പൊതുതാത്പര്യത്തിനും വിരുദ്ധമായി ഭരണപക്ഷത്തിന്റെ ഏകപക്ഷീയമായ നിലപാടുകൾക്കോ, വ്യക്തിപരമായ താത്പര്യങ്ങൾക്കോ വേണ്ടി അങ്ങു നിലകൊള്ളരുത്. ഇന്ത്യയിൽ ഇന്ന് വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയെക്കുറിച്ചും ന്യൂനപക്ഷങ്ങളുടെയും ദളിത്‌വിഭാഗങ്ങളുടെയും ആശങ്കകളെക്കുറിച്ചും കരുതലുള്ള ഒരു രാഷ്ട്രപതിയെ ഇന്ത്യയിലെ ജനങ്ങൾ സ്വപ്നം കാണുന്നു. നമ്മുടെ ദേശീയ പൈതൃകം, പ്രത്യേകിച്ച് നമ്മുടെ ഭരണഘടന, വർഗം, വംശം, മതവൈവിധ്യം, സംസ്കാരത്തിലെ നാനാത്വം എന്നീ ബഹുത്വരൂപങ്ങൾ കാത്തുസൂക്ഷിക്കാൻ കരുത്തും അർപ്പണബോധവും സ്വഭാവവൈശിഷ്ട്യവുമുള്ള ഒരു രാഷ്ട്രപതിയായി അങ്ങ് പ്രശോഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

## മതം + രാഷ്ട്രീയം = വിഷം (വർഗീയത)

തമ്മിൽ ചേരാത്തവ തമ്മിൽ ചേരുമ്പോൾ നല്ലത് വിഷലിപ്തമാകുന്നു. രാഷ്ട്രീയം വിഷം വമിപ്പിക്കുന്നത് അതിൽ മതം കലരുമ്പോഴാണ്. എന്തുകൊണ്ട് രാഷ്ട്രീയത്തിൽ മതം കലരുന്നു, അല്ലെങ്കിൽ കലർത്തുന്നു? ഇത് മതത്തെ വളർത്താനോ ആത്മീയത വർദ്ധിപ്പിക്കനോ അല്ല. മറിച്ച് രാഷ്ട്രീയം ശക്തമാക്കാനും അധികാരം കൈയടക്കാനുമാണ്. ആത്മീയതയോ ധാർമികതയോ അത്തരം ബന്ധങ്ങൾക്ക് മാനദണ്ഡമാകുന്നില്ല. മതം രാഷ്ട്രീയത്തോട് കൂട്ടിച്ചേർക്കേണ്ടത് നിലനില്പിന്റെ തന്നെ പ്രശ്നമാകുമ്പോൾ മേൽപ്പറഞ്ഞ തരം അവിശുദ്ധ കൂട്ടുകെട്ടുകളുടെ അധാർമികതയെക്കുറിച്ച് അവർക്ക് ചിന്തിക്കാനാകുന്നില്ല.




ആത്മീയതയില്ലാത്ത മതം വെറും പ്രഹസനമാണ്. രാഷ്ട്രീയത്തോട് കൂട്ടു ചേരുന്ന മതത്തിൽ ആത്മീയതയില്ല. ആത്മീയതയില്ലാത്ത മതം അപകടകരമാണ്. മതത്തിന്റെ പേരിൽ ആയുധമെടുക്കാമെന്ന് അതുകൊണ്ട് രാഷ്ട്രീയ മതത്തിന്റെ ആചാര്യന്മാർ പഠിപ്പിക്കും. ആ മതത്തെ രാഷ്ട്രീയത്തിൽ നിന്ന് വേർതിരിച്ചു കാണാൻ തന്നെ ബുദ്ധിമുട്ടാണ്.

മതത്തെ പിഞ്ചെല്ലുന്നവരുടെ രാഷ്ട്രീയം മറ്റൊരു വിഷയമാണ്. ഒരു രാജ്യത്തിന്റെ പൗരന്മാർ എന്ന നിലയിൽ മതവിശ്വാസികൾക്കും മതനേതാക്കന്മാർക്കും രാഷ്ട്രനിർമാണത്തിൽ തങ്ങളുടേതായ അഭിപ്രായം ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതേസമയം തങ്ങളുടെ മതത്തെ രാഷ്ട്രീയാധികാരം നേടിയെടുക്കാനുള്ള ചട്ടുകമാക്കി മാറ്റുമ്പോൾ അതിനു പിന്നിൽ അവർ പരിത്യജിക്കേണ്ടതായി വരുന്ന നിരവധി മൂല്യങ്ങളുണ്ട്. കണക്കെടുക്കാനാവാത്ത വിധത്തിലുള്ള വിട്ടുവീഴ്ചകൾക്കും പൊരുത്തക്കേടുകൾക്കും അവർ വിധേരാകേണ്ടിവരും. ക്രമേണ, മതത്തിന്റേതായ യാതൊരു നന്മകളും അവശേഷിക്കാത്ത കഠിനമായൊരു സംഘടനയോ സംവിധാനമോ ആയി അത് മാറും.

കേരളത്തിൽ ക്രിസ്തീയസമുദായത്തെ സംഘടിതമായി ഇന്ന് ആക്രമിക്കുന്നതിനു പിന്നിൽ ഇത്തരം ചില രാഷ്ട്രീയ-മത കൂട്ടുകെട്ടിന്റെ സ്വാധീനങ്ങളില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സമൂഹ മാധ്യമങ്ങളും പത്രങ്ങളും വാർത്താചാനലുകളും ഈ സംഘ

ടിത ആക്രമണത്തിന്റെ വേദികളാണ്. സമരവേദികളെപ്പോലും വർഗീയവത്കരിച്ചു കൊണ്ട് നടത്തുന്ന തത്പരകക്ഷികളുടെ രൂക്ഷമായ സമുദായവിമർശനത്തിനും വിശ്വാസത്തിനെതിരായ ആക്രമണത്തിനും  തടയിടേണ്ടതുണ്ട്. അന്ത്യം കുറിക്കേണ്ടതുണ്ട്. ക്രിസ്തീയസമുദായത്തിലെ അംഗങ്ങളെ തന്നെ കപട സദാചാരത്തിന്റെയും സാമൂഹ്യനീതിയുടെയും പേരിൽ അവർ സ്വാധീനിക്കുന്നുമുണ്ട്. സഭാനിലപാടുകളിലെ അവ്യക്തതകൾ തിരുത്തകയും വിശ്വാസികൾക്ക് ബോധ്യമാകുംവിധം സമൂഹം അകപ്പെട്ടിരിക്കുന്ന വലിയ വിപത്തുകളെക്കുറിച്ച് അവരെ പ്രബോധിപ്പിക്കുകയും വേണം.

മതത്തെ രാഷ്ട്രീയവത്കരിക്കുകയും കപടവാഗ്ദാനങ്ങൾ നല്കി അനേകരെ വഴിതെറ്റിക്കുകും ചെയ്യുന്ന എല്ലാ സംഘടനകളും ഇന്നല്ലെങ്കിൽ നാളെ സ്വയം ഇല്ലാതാകും. ഇരുപതാം നൂറ്റാണ്ടിന്റെ ചുവപ്പുനിറമുള്ള വിപ്ലവപ്രസ്ഥാനങ്ങൾക്ക് ലോകമെമ്പാടും സംഭവിച്ചത് നമ്മൾ കണ്ടിട്ടുണ്ട്. വർഗീയ ശക്തികൾ ഇല്ലാതാകുകയും നല്ല മനുഷ്യർ പരസ്പരം സ്നേഹിക്കുകയും ചെയ്യുന്ന നാളേക്ക് വേണ്ടി കാത്തിരിക്കാം. **(ദി വിജിലന്റ് കാത്തലിക്ക്, ഫേസ്ബുക്ക് പോസ്റ്റ്)**



# നിസ്സംഗത പകർച്ചവ്യാധിപോലെ പടരുന്നു

**ഫാ. ജോളി വടക്കൻ,** കെസിബിസി മാധ്യമക്കമ്മീഷൻ സെക്രട്ടറി

**നി**സ്സംഗത പകർച്ചവ്യാധിപോലെ പടരുന്ന വർത്തമാന കാലത്തിൽ ‘ഞാനാണോ എന്റെ സഹോദരന്റെ കാവല്ക്കാരൻ’ എന്ന ചോദ്യം ആവർത്തിക്കപ്പെടുകയാണ്. കാബൂളിലെ കൂട്ടക്കൊലയും മാഞ്ചസ്റ്ററിലെ കിരാതമായ ആക്രമണവും ലണ്ടൻ തെരുവിലെ ക്രൂരവിനോദവും നൈജീരിയായിലെ അരുംകൊലകളും ഇറാക്കിലും സിറിയയിലും നടക്കുന്ന വംശീയ നരഹത്യകളും ഭീകരാക്രമണങ്ങളും നമ്മുടെ പ്രശ്നമല്ലാതാകുന്നു. സ്വതന്ത്രഭാരതത്തിൽ ജീവിക്കുന്ന മനുഷ്യനെ, കഴിക്കുന്ന ഭക്ഷണത്തിന്റെ പേരും പറഞ്ഞ് കൊലക്കത്തിക്ക് ഇരയാക്കുമ്പോഴും ന്യൂനപക്ഷ സമുദായങ്ങളും ദളിത് വിഭാഗങ്ങളും ക്രൂരമായ മർദ്ദനങ്ങൾക്ക് ഇരയായപ്പോഴും കരയാൻ കണ്ണീരില്ലാതെ കർഷകർ ആത്മഹത്യ ചെയ്യുമ്പോഴും നാം നിസ്സംഗരാകുന്നു. പുതുവൈപ്പ് സമരം പോലുള്ള ജനകീയ മുന്നേറ്റങ്ങളെ അതിക്രൂരമായി അടിച്ചൊതുക്കുമ്പോഴും നാം നല്കുന്ന നികുതിപ്പണം കൊണ്ട് ശമ്പളംപറ്റുന്ന ഉദ്യോഗസ്ഥവൃന്ദത്തിന്റെ അനീതിയിൽ മനംമടുത്ത് ആത്മഹത്യയിൽ ജീവിതം ഹോമിക്കേണ്ടിവരുന്ന ഹതഭാഗ്യർ ഇവിടെ എരിഞ്ഞടങ്ങുമ്പോഴും ആരോഗ്യസുരക്ഷയിൽ മുൻനിരയിലാണെന്ന് അറിയപ്പെടുന്ന ഈ സംസ്ഥാനത്ത് പനിമൂലം നൂറുകണക്കിനാളുകൾ മരിക്കുമ്പോഴും രാഷട്രീയകൊലപാതകങ്ങളും ഹർത്താലുകളും നിത്യസംഭവങ്ങളാകുമ്പോഴും കലാലയങ്ങളിൽ അക്രമസംഭവങ്ങൾ പെരുകുമ്പോഴും ഇതേ നിസ്സംഗത തന്നെ നമ്മെ നയിക്കുന്നെങ്കിൽ എവിടെയോ നമ്മുടെ വഴികൾ ഇടറിയിട്ടുണ്ട്. നാളെ ഇത്തരം സാഹചര്യങ്ങളിൽ ഞാൻ അറിയാതെ ചെന്നുചാടുമ്പോൾ Robin Sharma യുടെ പുസ്തകത്തിന്റെ പേരുപോലെ എനിക്കുവേണ്ടി വിലപിക്കാനാരെങ്കിലും ഉണ്ടാകുമോ? (Who will cry when you die?).

ക്രിസ്തുവിന്റെ കണ്ണുകളിലൂടെ ഈ ലോകത്തെ നോക്കിക്കാണുകയെന്നതാണ് ഇതിനുള്ള ഏക പ്രതിവിധി. നിയമാനുഷ്ഠാനത്തിന്റെ കാർക്കശ്യ കണ്ണുകളിലൂടെ ലോകത്തെ നോക്കിക്കാണുന്നതിനെക്കാൾ സ്നേഹത്തിന്റെ നിയമത്തിലൂടെ സാഹചര്യങ്ങളെ വ്യാഖ്യാനിക്കാനാണ് ക്രിസ്തു ശ്രമിച്ചതും പഠിപ്പിച്ചതും. ‘നീയും പോയി അതുപോലെ ചെയ്യുക’ (ലൂക്കാ 11:37) എന്ന ആഹ്വാനത്തിലൂടെ സഞ്ചരിക്കേണ്ട വഴികളെക്കുറിച്ചുള്ള ദിശാബോധവും വ്യക്തമാക്കുകയായിരുന്നു അവിടന്ന്.

2017 മെയ് 17 ശനിയാഴ്ച ഇറ്റലിയിലെ ജനോവ രൂപതയിലേക്ക് നടത്തിയ ഇടയസന്ദർശനത്തിനിടയിൽ അവിടത്തെ യുവജനങ്ങളുമായി ഫ്രാൻസിസ് പാപ്പാ നടത്തിയ അഭിമുഖം ഏറെ ശ്രദ്ധേയമായിരുന്നു. തങ്ങളുടെ സമപ്രായക്കാരായ യുവജനങ്ങൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി സാത്താന്റെ പ്രേരണയ്ക്ക് വശംവദരായിത്തീരുന്ന സാഹചര്യങ്ങളിൽ തങ്ങൾക്ക് എന്തു ചെയ്യാനാകും  എന്ന ചോദ്യത്തിന് സഭാതലവൻ നല്കിയ ഉത്തരം ഏറെ ശ്രദ്ധേയമായിരുന്നു: ‘നവീകരിക്കപ്പെട്ട നയനങ്ങളോടെ ചുറ്റുപാടുകളെ വീക്ഷിക്കാൻ പഠിക്കണം’. നമ്മുടെ നഗരവും ജീവിതവും കുടുംബവും നമുക്കു ചുറ്റുമുള്ള സർവതും നോക്കി പാർക്കാൻ അഭ്യസിക്കുക.  ജീവിതത്തിൽ വിനോദസഞ്ചാരികളെപ്പോലെ ആകാതിരിക്കുക. കാണുന്ന എല്ലാറ്റിന്റെയും ഫോട്ടോ എടുക്കുന്ന വിനോദസഞ്ചാരികൾ പലപ്പോഴും അതൊന്നും ശരിയായി കാണുന്നില്ല. ജീവിതത്തോട് ഗൗരവമായ പ്രതിജ്ഞാബദ്ധത പുലർത്തുന്ന യുവജനങ്ങളായിത്തീരാൻ വേണ്ടി വിനോദസഞ്ചാരികളുടെ മാനസികഭാവം കൈവെടിയേ

ണ്ടിയിരിക്കുന്നുവെന്ന് പാപ്പാ കൂട്ടിച്ചേർത്തു.

നൈജീരിയൻ എഴുത്തുകാരനായ ഗബ്രിയേൽ ഓക്കറ (Gabriel Okara) യുടെ Once up on a time എന്ന കവിതയിൽ കവി മകനോട് തന്റെ ഹൃദയവേദന പങ്കുവയ്ക്കുന്നുണ്ട്: *"അന്ന് മനുഷ്യർ ഹൃദയംകൊണ്ടും കണ്ണുകൾകൊണ്ടും ചിരിക്കുമായിരുന്നു. ഇന്നാകട്ടെ, പല്ലുകൾകൊണ്ട്മാത്രം ചിരി പ്രകടിപ്പിക്കുകയും നിർജീവങ്ങളായ മിഴികൾ ദൂരേക്ക് പായിക്കുകയും ചെയ്യുന്നു. അന്ന് മനുഷ്യർ ആത്മാർഥമായി ഷേക്ക് ഹാൻഡ് നല്കുമായിരുന്നു. എന്നാൽ ഇന്നാകട്ടെ, ഹൃദയമില്ലാതെ ഒരു കൈകൊടുക്കുമ്പോൾ മറുകൈ എന്റെ പോക്കറ്റുകളിലേക്കാണ് നീളുന്നത്. കണ്ടുമുട്ടുമ്പോൾ സന്തോഷമില്ലെങ്കിലും സന്തോഷമാണെന്ന് പറയാനും ബോറടിപ്പിച്ച സംസാരത്തിനൊടുവിലാണെങ്കിലും സംസാരിക്കാൻ കഴിഞ്ഞത് അനുഗ്രഹമാണെന്ന് പറയാനുമൊക്കെ ഇന്നു ഞാൻ പഠിച്ചു".* ബാല്യത്തിലെ നിഷ്കളങ്കതയിലേക്ക് മടങ്ങിപ്പോകാനുള്ള വ്യഥയാണ് കവിയുടെ വാക്കുകളിൽ. വിശുദ്ധ ഫ്രാൻസിസ് മരണവിനാഴികയിൽ പറഞ്ഞതുപോലെ, നമുക്ക് വീണ്ടും എല്ലാം പുതുതായി ആരംഭിക്കാം. ഈ സമൂഹത്തിൽ നാം കാണാനാഗ്രഹിക്കുന്ന മാറ്റത്തിന്റെ തുടക്കം നമ്മിൽനിന്നുതന്നെ ആകട്ടെ.

# കരയാൻ കണ്ണീരില്ലാതെ കർഷകർ....

**ആന്റണി ചടയംമുറി,**
പി.ഒ.സി, പാലാരിവട്ടം



സപ്ലൈകോ കർഷകരിൽ നിന്നു നെല്ല് ശേഖരിച്ചതിനുള്ള തെളിവായി നല്കുന്ന ചീട്ട് കണ്ടിട്ടുണ്ടോ? കർഷകരോടുള്ള അവഗണനയ്ക്കുള്ള അടയാളമായി വേണം ഈ ചീട്ട് കാണേണ്ടത്. ഉദ്യോഗസ്ഥർ എഴുതി നല്കുന്ന തുണ്ടുകടലാസുമായി മാസങ്ങൾ കയറിയിറങ്ങിയാലാണ് നെല്ലിന്റെ വില കർഷകനു കിട്ടുക.

രാഷ്ട്രം കൈവരിച്ച സാങ്കേതികവിദ്യാവിപ്ലവത്തിന്റെ യാതൊരു നേട്ടവും കർഷകർക്കോ, സാധാരണ പൗരന്മാർക്കോ കൈമാറാത്ത ഭരണകൂടങ്ങൾ ഈ ദുരിതത്തിനു അറുതിവരുത്താൻ ചെറുവിരലനക്കുന്നില്ല.

ഉത്തരേന്ത്യയിൽ വെളുത്തുള്ളി കർഷകർ വിലത്തകർച്ചയെചൊല്ലി ജീവനൊടുക്കുമ്പോൾ ഓഹരിവിപണി പതിനായിരം കടന്നതിന്റെ പത്രാസിലും പകിട്ടിലുമാണ് ഭരണാധികാരികൾ. പോയവർഷം തക്കാളിച്ചാക്കുകൾ വിലക്കുറവിന്റെ പേരിൽ ബാംഗ്ലൂരിലെ തെരുവുകളിൽ കർഷകർ വലിച്ചെറിയുകയായിരുന്നു. ഈ വർഷമാകട്ടെ, തക്കാളിവില കേരളത്തിൽ നൂറുരൂപ കടക്കുമ്പോൾ ഈ വിലവർധനയുടെ നേട്ടം വിപണി നിയന്ത്രിക്കുന്ന ഇടനിലക്കാർ കൊള്ളയടിക്കുകയാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയും സംസ്ഥാനങ്ങൾ ഭരിക്കുന്ന മറ്റു കക്ഷികളുമൊന്നും കർഷകരുടെ പ്രശ്നങ്ങൾ യഥാവിധി ഗ്രഹിക്കാനോ അവയ്ക്കു പരിഹാരം കാണാനോ ശ്രമിക്കുന്നില്ല.

എവിടെയായാലും കർഷകന്റെ കൈവശമുള്ളത് അവന്റെ കൃഷിഭൂമിയും, ആ ഭൂമിയിൽ അവൻ അധ്വാനിച്ചുണ്ടാക്കുന്ന വിളകളുമാണ്, കേരളത്തിന്റെ മലയോരങ്ങളിൽ ഭൂമിയുടെ കൈവശാവകാശ രേഖകൾ ചില ഉദ്യോഗസ്ഥർ തന്നിഷ്ടം പോലെ തിരുത്തുന്നു. വർഷങ്ങളായി സ്വന്തമായി അനുഭവിച്ചുവന്ന ഭൂമി ഒരു സുപ്രഭാതത്തിൽ കരമടയ്ക്കാൻ ചെല്ലുമ്പോൾ സർക്കാർ പുറമ്പോക്കോ വനഭൂമിയോ ആണെന്നു തിരിച്ചറിയുന്നതോടെ അവരുടെ മുന്നിൽ എല്ലാവാതിലുകളും കൊട്ടിയടയ്ക്കപ്പെടുകയാണ്.

സർക്കാർ ഉദ്യോഗസ്ഥരിൽ എല്ലാവരും കുഴപ്പക്കാരല്ലെന്ന് ചെമ്പനോടസംഭവം തന്നെ ഉദാഹരണം. നികുതി സ്വീകരിക്കാൻ തടസ്സമില്ലെന്നു സ്ഥലംമാറിപ്പോയ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടും ആത്മഹത്യ ചെയ്ത കർഷകൻ ജോയിയെ പിന്നാലെ സ്ഥലം മാറി വന്ന ഉദ്യോഗസ്ഥൻ മനപ്പൂർവം ബുദ്ധിമുട്ടിക്കുകയായിരുന്നു. കൈക്കൂലിക്കാരെ കള്ളവാറ്റുകാരെപോലെ സമൂഹം ഒറ്റപ്പെടുത്തിയേപറ്റൂ.

തമിഴ്നാട്ടിലെ കർഷകർ ആത്മഹത്യചെയ്ത കർഷകരുടെ തലയോട്ടികളുമായി ഡൽഹിയിൽ നടത്തിയ പ്രകടനം ദേശീയ മാധ്യമങ്ങളിൽ പലതും വാർത്തയാക്കിയതുപോലുമില്ല. ഒരൊറ്റ കേന്ദ്ര മന്ത്രിയോ ദേശീയ നേതാവോ ഈ കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചിട്ടുമില്ല ഇതേവരെ.

ജി.എസ്.ടി. എന്ന നികുതിപരിഷ്കരണത്തിന്റെ ഗുണം പോലും കർഷകർക്കും മത്സ്യബന്ധനമേഖലയ്ക്കും ലഭിക്കാതെ പോയത് ആരുടെ ഗൂഢാലോചനയാണ്?

കർഷകർക്കുവേണ്ടി രൂപീകരിച്ച പാർട്ടികൾ പോലും ഇന്ന് അവരുടെ പ്രശ്നങ്ങൾക്കു നേരെ കണ്ണടയ്ക്കുകയാണ്. കർഷക ആത്മഹത്യകൾ രാജ്യത്ത് നിരന്തരം അരങ്ങേറിയിട്ടും 2000–ന്റെയും 200–ന്റെയും നോട്ടടിച്ച് അക്കുത്ത്ഇക്കുത്ത് ആന വരമ്പത്ത് എന്ന മട്ടിൽ മണിബില്ലുകൾ അവതരിപ്പിച്ച് കേന്ദ്രമന്ത്രി രസിച്ചുകഴിയുന്നു. കോഴിയുടെ വില കുറയ്ക്കാൻ അപേക്ഷിക്കുന്ന ഭരണാധികാരികൾ കോടതി വാർത്തകളിൽ സ്ഥലംപിടിക്കുന്നത് ജനാധിപത്യത്തിനു ഭൂഷണമാണോയെന്നും ചിന്തിക്കണം.

കർഷകർ ആത്മഹത്യ ചെയ്യുന്നതിന്റെ കാരണങ്ങൾ കണ്ടെത്താനുള്ള നിശ്ചയദാർഢ്യം ഭരിക്കുന്നവർ പ്രകടിപ്പിക്കണം. അതല്ലെങ്കിൽ കുതിച്ചുകയറുന്ന ഓഹരിവിപണിയുടെ സൂചിത്തലപ്പത്ത് ഇനിയും കർഷകരുടെ കൂടുതൽ ജഡങ്ങൾ തൂങ്ങിക്കിടക്കും.



# ദേശീയ വിദ്യാഭ്യാസനയം: കസ്തൂരിരംഗൻ സമിതി ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കണം

**ഫാ. ജോസ് കരിവേലിക്കൽ,** സെക്രട്ടറി, കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

ദേശീയ വിദ്യാഭ്യാസനയ രൂപീകരണത്തിനായി നിയോഗിക്കപ്പെട്ട ടി. എസ്. ആർ. സുബ്രഹ്മണ്യൻ സമിതി 2016-ൽ സമർപ്പിച്ച റിപ്പോർട്ട് വ്യാപകമായ പ്രതിഷേധം ഉണ്ടാക്കിയ സാഹചര്യത്തിൽ റിപ്പോർട്ടിന് പുതിയ പ്രതിച്ഛായ നല്കുവാൻ കസ്തൂരിരംഗൻ സമിതി നിയമിതമായിരിക്കുകയാണ്. പ്രഥമ സമിതിയിൽ ന്യൂനപക്ഷ സാന്നിദ്ധ്യം തീർത്തും അവഗണിച്ചു എന്ന ശക്തമായ ആക്ഷേപം ഒഴിവാക്കുവാൻ ശ്രീ. അൽഫോൺസ് കണ്ണന്താനം, ഡോ. മഹസർ അസീഫ് എന്നിവരെ പുതിയ സമിതിയിൽ ഉൾപ്പെടുത്തി എന്നത് ശ്രദ്ധേയമാണെങ്കിലും ഇവരുടെ സാന്നിദ്ധ്യം എത്രമാത്രം ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുമെന്നത് കാത്തിരുന്നു കാണേണ്ടതാണ്. ദേശീയതയുടെ പേരിൽ ഹിന്ദുത്വവത്കരണത്തിന്റെ വ്യക്തമായ നിലപാടുകളുള്ള പ്രഥമ റിപ്പോർട്ടിൽ നിന്ന് കാര്യമായ മാറ്റങ്ങൾ വരുത്തുവാൻ ഭരണപക്ഷത്തോട് പ്രതിബദ്ധതയുള്ളവർ ശ്രമിക്കുമോ എന്ന കാര്യത്തിൽ ആശങ്കയുണ്ട്. ദേശീയതലത്തിൽ വിദ്യാഭ്യാസമേഖലയിൽ വളരെ നിർണായകമായ സംഭാവനകൾ നല്കിയിട്ടുള്ള ക്രിസ്ത്യൻ സമൂഹത്തിന് അർഹമായ പരാമർശമെങ്കിലും ഈ റിപ്പോർട്ടിൽ ഉണ്ടാകുമെന്ന് പ്രത്യാശിക്കാം.

**പുതിയ സമിതി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

1. കേന്ദ്രവിദ്യാഭ്യാസ അവകാശനിയമത്തിന്റെ ഭാഗമാക്കിയതും പിന്നീട് സുപ്രീം കോടതി ന്യൂനപക്ഷ സമൂഹങ്ങൾക്ക് ഒഴിവാക്കി കൊടുത്തിട്ടുള്ളതുമായ സ്കൂൾ മാനേജിങ്ങ് കമ്മിറ്റിയുടെ ഘടനയും പിന്നാക്കം നില്ക്കുന്ന കുട്ടികൾക്കായി 25% സീറ്റുകൾ എന്ന പ്രവേശനസംവരണവുമൊക്കെയുള്ള പ്രഥമ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പിൻവലിക്കുന്നില്ലെങ്കിൽ അത് ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനമായിരിക്കും. നൈയാമിക സമ്മർദങ്ങളുടെ പിൻബലമില്ലാതെ അർഹരായ കുട്ടികൾക്ക് ഫീസിന്റെ കാര്യത്തിലും പ്രവേശനത്തിന്റെ കാര്യത്തിലും ക്രൈസ്തവ ന്യൂനപക്ഷ സ്ഥാപനങ്ങളിൽ എന്നും ആനുകൂല്യം നല്കിക്കൊണ്ടാണിരിക്കുന്നത്.
2. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവിനെക്കുറിച്ചുള്ള ആശങ്ക ചരിത്രവിസ്മൃതിയുടെ ഭാഗമായി മാത്രമേ കാണുവാൻ സാധിക്കൂ. വർഷങ്ങൾക്കു മുമ്പ് തീർത്തും അവികസിതവും പിന്നാക്കം നില്ക്കുന്നതുമായ പ്രദേശങ്ങളിൽ ഗവണ്മെന്റോ മറ്റുസമുദായങ്ങളോ സംഘടനകളോ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുവാൻ താത്പര്യം കാണിക്കാതിരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ വിദ്യാഭ്യാസത്തിലൂടെ മാത്രമേ രാജ്യത്തിന് പുരോഗതിയുണ്ടാകൂ എന്ന തിരിച്ചറിവോടുകൂടി സർക്കാരിന്റെ സഹായത്തോടുകൂടിയും അല്ലാതെയും സ്ഥലകാല പരിമിതികൾ പരിഗണിക്കാതെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തുവാൻ ന്യൂനപക്ഷസമൂഹങ്ങൾ തയ്യാറായി. ഈ ചരിത്രം തിരിച്ചറിയാതെ ഇന്നത്തെ സാഹചര്യത്തിൽ നിന്നുകൊണ്ട് വിലയിരുത്തുന്നതും ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം കുറയ്ക്കുവാൻ പരോക്ഷമായ നിലപാടുകൾ സ്വീകരിക്കുന്നതും അപകടകരമായ നീക്കമാണ്.
3. കുട്ടികളുടെ എണ്ണം കുറയുന്നതിനനുസരിച്ച് സ്കൂളുകൾ പൂട്ടുവാനോ, രണ്ടും മൂന്നും സ്കൂളുകൾ ലയിപ്പിച്ച് ഒരു സ്കൂളാക്കി മാറ്റാനോ ഉള്ള നിർദ്ദേശം നിശ്ചിത ദൂരപരിധിക്കുള്ളിൽ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ഒരുക്കിയിരിക്കണമെന്ന കേന്ദ്രവിദ്യാഭ്യാസ അവകാശത്തിന്റെ ലംഘനമായിരിക്കും.
4. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന്റെയും ഫലപ്രാപ്തിയുടെയും അടിസ്ഥാനഘടകം കരിക്കുലം ആയതിനാൽ പാഠപുസ്തക നിർമിതിയുമായി ബന്ധപ്പെട്ട് SERT, NCERT സംവിധാനങ്ങളിൽ രാഷട്രീയ, മത, സങ്കുചിതമായ വാദങ്ങൾക്കതീതമായി രാജ്യത്തിന്റെ പ്രത്യേകമായ ദേശീയതയും കാഴ്ചപ്പാടുകളുമുള്ള, വൈദഗ്ധ്യവും മികവുമുള്ള വിദഗ്ധർ ഉണ്ടെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ സംവിധാനത്തെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ ഈ സംഘങ്ങളിൽ ഉൾപ്പെടുന്നില്ലെങ്കിൽ അത് 'നാനാത്വത്തിൽ ഏകത്വ'മെന്ന നമ്മുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെയും സംസ്കാരത്തെയും, സാഹോദര്യത്തെയും അട്ടിമറിക്കും എന്നതിൽ സംശയം വേണ്ട.
5. യോഗയും സംസ്കൃതവുമൊക്കെ പ്രാധാന്യമർഹിക്കുന്ന മേഖലകളാണെങ്കിലും അത് അടിച്ചേല്പിക്കുവാനുള്ള മുൻസമിതിയുടെ നിർദേശങ്ങൾ പുന:പരിശോധന നടത്തേണ്ടതാണ്. ഇന്ത്യയെപ്പോലെ വിശാലമായ ഒരു രാജ്യത്തെ വിദ്യാഭ്യാസരംഗം ഒരേ രീതിയിലും ശൈലിയിലും വളരണമെന്ന കാഴ്ചപ്പാടും ഒഴിവാക്കേണ്ടതാണ്.
6. അദ്ധ്യാപകരുടെ ഗുണമേന്മ നിലനിർത്തുവാനും വർദ്ധിപ്പിക്കുവാനുമുള്ള നിരന്തര പരിശീലന പരിപാടികൾ നിലനിർത്തുമ്പോൾ തന്നെ ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഭരണഘടനയുടെ 31-ാം അനുച്ഛേദം അനുവദിക്കുന്ന അവകാശങ്ങൾ ഒരു കാരണവശാലും ലംഘിക്കപ്പെടുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

ഗാഡ്ഗിൽ റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് അന്തിമരൂപം നല്കാൻ നിയമിതനായ ശ്രീ. കസ്തൂരിരംഗൻ തന്റെ ഗവേഷണ നിരീക്ഷണത്തിലൂടെ ജനപക്ഷം മനസ്സിലാക്കാതെ തയ്യാറാക്കിയ റിപ്പോർട്ട് ഏതാണ്ട് മരവിപ്പിക്കാൻ സർക്കാർ തീരുമാനിച്ചതുപോലെ ഒരന്ത്യം ഈ ദേശീയവിദ്യാഭ്യാസ നയത്തിനുമുണ്ടാവുകയില്ല എന്നു നമുക്കു പ്രത്യാശിക്കാം.

# കലാലയങ്ങൾ തല്ലിത്തകർക്കുന്നതിന് എന്തു ന്യായീകരണം?




കേരളത്തിന് അപമാനകരമായ വിധത്തിൽ കലാലയങ്ങളിൽ അക്രമസംഭവങ്ങൾ പെരുകുകയാണ്. എറണാകുളം മഹാരാജാസ് കോളേജിൽ പ്രിൻസിപ്പലിന്റെ കസേര കത്തിച്ചതും പാലക്കാട് വിക്ടോറിയ കോളേജിൽ പ്രിൻസിപ്പലിന്റെ റിട്ടയർമെന്റ് ദിനത്തിൽ കുഴിമാടം ഒരുക്കിയതും പൊതുജനം മറന്നിട്ടുണ്ടാവില്ല. തൊടുപുഴ ന്യൂമാൻ കോളേജിലും കഴിഞ്ഞ ദിവസം സുൽത്താൻ ബത്തേരി ഡോൺബോസ്കോ കോളേജിലും നടന്ന ഹീനമായ അക്രമങ്ങൾ മറ്റു ചില ഉദാഹരണങ്ങളാണ്. പോലീസ് നോക്കിനില്ക്കെയാണ് ഈ കോളേജുകളിൽ ചിലർ അതിക്രമിച്ചുകയറിയതും അടിച്ചുതകർത്തതും. കലാലയങ്ങളിൽ നടക്കുന്ന അക്രമങ്ങൾക്ക് വലിയൊരു പരിധിവരെ രാഷ്ട്രീയ പാർട്ടികൾക്ക് ഉത്തരവാദിത്വമുണ്ട്. കലാലയങ്ങളെ രാഷ്ട്രീയ പാർട്ടികളുടെ തട്ടകമാക്കുവാനും പാർട്ടിയധിഷ്ഠിത അധ്യാപകസംഘടനകൾ രൂപീകരിക്കാനും മാനേജുമെന്റുകളെ ദുർബലപ്പെടുത്തുവാനുമുള്ള ശ്രമമാണിത്. കലാലയങ്ങളിൽ അരങ്ങേറുന്ന അക്രമങ്ങൾ ഒരുവിധത്തിലും അംഗീകരിക്കാവുന്നതല്ല.

ഇന്ന് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നത് തീർത്തും ദുഷ്ക്കരമായിക്കൊണ്ടിരിക്കുന്നു. ന്യായമായ ശിക്ഷണത്തിനും, ആരോഗ്യകരമായ നിയന്ത്രണങ്ങൾക്കും ഇന്ന് ആരും വില കല്പ്പിക്കുന്നില്ല. കലാലയങ്ങളിൽ പടർന്നുകയറുന്ന കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളും വർഗ്ഗീയ ചിന്തകളും നിയന്ത്രിക്കാനാവാത്തവിധം രൂഢമൂലമാകുന്നു. മാധ്യമസ്വാധീനവും വിദ്യാർത്ഥിസമൂഹ രൂപവത്ക്കരണത്തെയും, കലാലയങ്ങളുടെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കുന്നു. ന്യായമായ ശിക്ഷണത്തിനും, ആരോഗ്യകരമായ നിയന്ത്രണങ്ങൾക്കും ഇന്ന് ആരും വില കല്പ്പിക്കുന്നില്ല. അച്ചടക്കലംഘനം നടത്തുന്നവർക്കെതിരെ നടപടിയെടുക്കാൻ കോളേജ് അധികൃതർക്ക് അവകാശമില്ലേ? ഡോൺബോസ്കോ കോളേജിലും ന്യൂമാൻ കോളേജിലും എന്തു വിദ്യാർത്ഥിവിരുദ്ധനയമാണ് കോളേജ് മാനേജുമെന്റ് നടത്തിയത് എന്നു മനസ്സിലാകുന്നില്ല പഠിക്കാൻ താത്പര്യമുള്ള കുട്ടികൾക്ക് ആവശ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കുവാൻ മാനേജുമെന്റിന് ബാദ്ധ്യത ഇല്ലേ.

വിദ്യാർത്ഥികളുടെ അവകാശസംരക്ഷണത്തിന്റെ പേരിൽ കലാലയങ്ങളുടെമേൽ കടന്നാക്രമങ്ങൾ നടത്തുന്നതും തല്ലിത്തകർക്കുന്നതും ന്യായീകരിക്കുന്ന പ്രവണത ശരിയല്ല. രാഷ്ട്രീയപാർട്ടികളും ഭരണസംവിധാനങ്ങളും വിദ്യാർത്ഥികളുടെ ഹീനമായ ഇത്തരം അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും പ്രശ്നങ്ങളെ നിസാരവത്ക്കരിക്കുന്നതും കുറ്റവാളികളെ സംരക്ഷിക്കുവാൻ വ്യഗ്രതകാണിക്കുന്നതും പൊറുക്കാനാവാത്ത തെറ്റാണ്. കലാലയങ്ങളിൽ ഉണ്ടാകുന്ന ഇത്തരം അക്രമങ്ങൾക്ക് കടിഞ്ഞാണിടാൻ സർക്കാരിന്റെ ഭാഗത്തുനിന്നും, പോലീസിന്റെ ഭാഗത്തുനിന്നും കർശനമായ നടപടികൾ ഉണ്ടാകണം. ഇത്തരം അനിഷ്ടസംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിക്കേണ്ടത്. കൂടാതെ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുകയും അക്രമം അഴിച്ചുവിടുന്ന വിദ്യാർത്ഥി സംഘടനയ്ക്കും, രാഷ്ട്രീയനേതൃത്വത്തിനുമെതിരെ കർശനമായ നടപടി സ്വീകരിക്കുകയും വേണം. പക്ഷേ ഇക്കാര്യത്തിൽ ഭരണ സംവിധാനങ്ങളുടെ നിസ്സംഗത നിരാശാജനകമാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന സമരങ്ങളും അക്രമങ്ങളും അവസാനിപ്പിക്കാൻ അടിയന്തരനടപടി വേണമെന്ന ഹൈക്കോടതി ഉത്തരവ് സർക്കാർ അതീവ ഗൗരവത്തോടെ കാണണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്രമം തടയാൻ രാഷ്ട്രീയ നടപടിക്കൊപ്പം നിയമപരമായ നടപടിയും അനിവാര്യമാണെന്നുള്ള കോടതിയുടെ വിലയിരുത്തൽ സ്വാഗതാർഹമാണ്.

കേരളത്തിലെ കലാലയങ്ങളിൽ കുറെ കാലമായി നിലനിന്ന സമാധാന അന്തരീക്ഷം തല്ലിത്തകർക്കാൻ ശ്രമിക്കുന്നവരുടെ ഗൂഢാലോചന പൊതുസമൂഹം തിരിച്ചറിയണം, ജാഗ്രത പുലർത്തണം. കലാലയങ്ങളിൽ അക്രമം അഴിച്ചുവിടുന്നവരെയും നേതൃത്വം നല്കുന്നവരെയും സമൂഹം ഒറ്റപ്പെടുത്തണം. കലാലയങ്ങളിൽ സമാധാന അന്തരീക്ഷം നിലനിർത്താൻ ബന്ധപ്പെട്ടവർ ശക്തമായ നടപടികൾ സ്വീകരിക്കണം. ഇതിന് പൊതുസമൂഹത്തിന്റെയും, അധ്യാപക-രക്ഷാകർത്തൃസംഘടനകളുടെയും പിൻതുണയും സഹകരണവും സംരക്ഷണവും ആവശ്യമാണ്. വർദ്ധിച്ചുവരുന്ന ഹർത്താൽപ്രചരണങ്ങളും കോളേജുകളിലെ വർദ്ധിച്ചുവരുന്ന സമരാന്തരീക്ഷവും കേരളത്തിനു പുറത്തേക്കു കുട്ടികൾ പോകുവാൻ മാത്രമേ സഹായിക്കൂ. ഇന്ന് എൻജിനിയറിംഗ് കോളേജുകളിൽ ബഹുഭൂരിപക്ഷം സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ സമാധാനാന്തരീക്ഷം പ്രതീക്ഷിച്ചു കേരളത്തിനു പുറത്തേക്കു വിദ്യാർത്ഥികൾ പോകുന്ന പ്രവണത കൂടുതൽ വ്യാപകമാകനല്ലേ സാധ്യത? ഇതുവഴി കേരളത്തിലെ കുട്ടികൾക്കു അവരുടെ സാംസ്കാരികാന്തരീക്ഷത്തിൽ വിദ്യ നേടുവാനുള്ള അവസരം നഷ്ടപ്പെട്ടില്ലേ?

**ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി**
സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ


# കത്തോലിക്കാ വിശ്വാസപാരമ്പര്യങ്ങൾ പൊതുനിരത്തിൽ കീറിമുറിക്കപ്പെടേണ്ടവയല്ല

**ക**ത്തോലിക്കാ തിരുസഭയ്ക്ക് പ്രാദേശികവും, പാരമ്പര്യപരവുമായ തനതായ സവിശേഷതകൾ പലതുമുണ്ടെങ്കിലും വിശ്വാസതീക്ഷ്ണതയുടെയും അടിസ്ഥാനപാരമ്പര്യങ്ങളുടെയും കാര്യത്തിൽ വിട്ടുവീഴ്ചകളൊന്നുമില്ല. കാലം മാറുന്നതിനനുസരിച്ച് കോലവും മാറണം എന്ന ആധുനിക ലോകത്തിന്റെ വ്യർത്ഥചിന്തയുടെ ഭാഗമായി അനാവശ്യമാംവിധം നമ്മുടെ വിശ്വാസആചാരങ്ങളും ആത്മീയ ബോധ്യങ്ങളും ചോദ്യം ചെയ്യപ്പെടുന്ന അനുഭവങ്ങൾ പ്രതിരോധം അർഹിക്കുന്നു. അനർഹമായ വേദികളിൽ യോഗ്യമല്ലാത്ത കരങ്ങളാൽ കീറിമുറിക്കപ്പെടാവുന്നതല്ല നമ്മുടെ ഒരു വിശ്വാസപാരമ്പര്യങ്ങളും എന്ന സത്യം നമ്മെയും നമ്മുടെ ചുറ്റുമുള്ളവരെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്.

പതിവെന്നോണം അടുത്ത കാലങ്ങളിലായി വ്യത്യസ്തമായ രഹസ്യഅജണ്ടകൾ സൂക്ഷിക്കുന്ന വിവിധ മാധ്യമങ്ങൾ കത്തോലിക്കാ വിരുദ്ധ വാദഗതികളുമായി കടന്നുവരുന്നതിന്റെഒരു ഉദാഹരണമാണ്2017 ജൂലായ് 27-ലെ മാധ്യമം ആഴ്ചപ്പതിപ്പിലെ കെ.സി. വർഗീസിന്റെ 'വിശുദ്ധന്മാരുടെ തള്ളിക്കയറ്റവും വിശ്വാസികളുടെ ആശയക്കുഴപ്പവും' എന്ന ലേഖനം. കത്തോലിക്കാ സഭയുടെ വിശ്വാസപാരമ്പര്യങ്ങൾ പൊതുനിരത്തിൽ കീറിമുറിക്കപ്പെടേണ്ടവയല്ല. നമ്മുടെ വിശ്വാസ-ആചാരങ്ങൾ അവിശ്വാസികളുടെയോ, അന്യമത വിശ്വാസികളുടെയോ കാർമ്മികത്വത്തിൽ വിലയിരുത്തപ്പെടേണ്ടവയല്ല. പ്രമുഖ ഇസ്ലാമിക സംഘടനയുടെ ഉടമസ്ഥതയിലുള്ള മാധ്യമം എന്ന പ്രസിദ്ധീകരണം, അവരുടെ ചിന്തയ്ക്കു വീഷയീഭവിക്കപ്പെടേണ്ടതില്ലാത്ത കത്തോലിക്കാ വിശ്വാസ പാരമ്പര്യങ്ങളെ പോസ്റ്റുമോർട്ടം ചെയ്യാൻ ശ്രമിക്കുമ്പോൾ, തങ്ങൾ വലുതെന്ന് കരുതുന്ന എതെങ്കിലും വിശ്വാസ, ആചാരങ്ങളെ മറ്റൊരു സമൂഹം പൊതുസമൂഹത്തിൽ ചർച്ചയ്ക്ക് വയ്ക്കുകയും അവഹേളിക്കുകയും ചെയ്താൽ എങ്ങനെയാവും പ്രതികരിക്കുക എന്ന ചിന്തയ്ക്ക് പോലും തയ്യാറായില്ല. സ്ത്രീപക്ഷ ദൈവശാസ്ത്രം എന്ന പേരിൽ അവതരിപ്പിച്ചിരിക്കുന്ന പ്രസ്തുതലേഖനത്തിൽ എവിടെയാണ് സ്ത്രീപക്ഷം എന്നത് ഉത്തരമില്ലാതെ അവശേഷിക്കുകയാണ്.

മതേതര ചിന്തകൾ എന്ന് വായനക്കാരെ വിശ്വസിപ്പിക്കുവാൻ എക്കാലവും വിഫലശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വർഗ്ഗീയ മാധ്യമം തങ്ങളുടെ വായനക്കാരിൽ ഏകപക്ഷീയമായി അടിച്ചേല്പിക്കുവാൻ ശ്രമിച്ചിരിക്കുന്ന അനേകം അബദ്ധ ആശയങ്ങളുടെ കൂടാരമാണ് ഈ ലേഖനം. ചുരുക്കിപ്പറഞ്ഞാൽ, ഒരു സാധാരണ കത്തോലിക്കാ വിശ്വാസിയെ തരംതാണ രീതിയിൽ വെല്ലുവിളിക്കുവാനായി എഴുതിക്കൂട്ടിയ അബദ്ധസിദ്ധാന്തങ്ങളാണ് അവയിൽ പലതും.

മാർപ്പാപ്പയെക്കുറിച്ച് ഇവർ നടത്തിയ പരാമർശം ശ്രദ്ധിക്കുക - ജസീന്തയെയും ഫ്രാൻസിസിനെയും വിശുദ്ധരായി പ്രഖ്യാപിക്കുക വഴിയായി പോപ്പ് ഫ്രാൻസിസ് കത്തോലിക്കാസഭയെ നൂറുവർഷം പിന്നോട്ട് നയിച്ചിരിക്കുന്നു. വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുക എന്ന നടപടി കത്തോലിക്കാസഭയുടെ ആത്മീയതയെ സംബന്ധിച്ചുള്ള കാര്യമാണ്. തിരുസഭയ്ക്ക് വളരെ വ്യക്തമായ നയങ്ങളും പ്രബോധനങ്ങളും കെട്ടുറപ്പുള്ള നടപടിക്രമങ്ങളുമുള്ള പ്രക്രിയയാണത്.



ജൂലൈ 31ന്റെ മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച, കത്തോലിക്കാ വിരുദ്ധ ലേഖനത്തിനുള്ള പ്രതികരണം

മരണവും മരണാനന്തര ജീവിതവും ദൈവികവെളിപാടുകളും തുടങ്ങിയ വിശ്വാസസംബന്ധമായ ഏറെ വിഷയങ്ങളിൽ ലേഖനകർത്താവ് ഇവിടെ കൈ വച്ചിരിക്കുന്നു. ഫാത്തിമയിലെ ജസീന്തയ്ക്കും ഫ്രാൻസിസിനും ദൈവാനുഭവം ഉണ്ടായിട്ടും അവർക്ക് ദീർഘായുസ്സ് ലഭിച്ചില്ല എന്ന വലിയ കുറവ് ചൂണ്ടിക്കാണിക്കുക വഴിയായി നമ്മുടെ മരണാനന്തരജീവിതത്തെക്കുറിച്ചുള്ള വിലയേറിയ കാഴ്ചപ്പാടുകൾക്ക് അതീതമായി, ഈ ലോകത്തിലെ ജീവിതമാണ് മുഖ്യം എന്ന ഭൗതിക ചിന്ത അവതരിപ്പിക്കപ്പെടുകയാണ്. ദൈവിക വെളിപാടുകൾ, പരിശുദ്ധ അമ്മയോടുള്ള ഭക്തി, വിശുദ്ധരോടുള്ള വണക്കം, മറ്റനേക വിശ്വാസസത്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ തിരുസഭയ്ക്ക് വ്യക്തമായ നിലപാടുകളും ആഴമേറിയ പഠനങ്ങളും ഉണ്ടായിരിക്കെ, തന്റെ പരിമിതമായ അറിവ് ഉപയോഗിച്ച് അവയെ നിശിതമായി വിമർശിക്കുവാൻ ലേഖനകർത്താവ് മുതിരുന്നതിനു പിന്നിലെ ലക്ഷ്യങ്ങളെ നമ്മുടെ വിശ്വാസ തീക്ഷ്ണത

കൊണ്ടാണ് നാം പരാജയപ്പെടുത്തേണ്ടത്.

സമൂഹ്യമാധ്യമങ്ങൾ വഴി ഇത്തരം വ്യാജപ്രചരണങ്ങൾക്കും ഗൂഢലക്ഷ്യങ്ങൾക്കും മുന്നിൽ പരസ്യമായി ചെറുത്തുനില്ക്കുവാൻ നാം തയ്യാറാകുമ്പോൾ ചിലരുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് അന്ത്യം കുറിക്കപ്പെടും. അത്തരം നിലപാടുകൾ പൊതുസമൂഹത്തിന് മുന്നിൽ നാം സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ്, വിഭാഗീയതകൾ മറന്ന് ഒരുമിച്ച് നില്ക്കുവാൻ സർവ്വേശ്വരൻ നമുക്ക് ശക്തിപകരട്ടെ. **(ഫേസ്ബുക്ക് പോസ്റ്റ്)**

## കെസിബിസി പ്രസ്താവനകൾ, വാർത്തകൾ

# കത്തോലിക്കാസഭയുടെ ആശുപത്രികളിൽ വേതനം പരിഷ്കരിക്കും

**കൊച്ചി:** കെസിബിസി ലേബർ കമ്മീഷന്റെയും ഹെൽത്ത് കമ്മീഷന്റെയും കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷന്റയും ആശുപത്രി ഡയറക്ടർമാരുടെയും സംയുക്തയോഗം കെസിബിസി ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതലയുടെ അദ്ധ്യക്ഷതയിൽ 2017 ജൂലൈ 5ന് എറണാകുളം പി.ഒ.സി യിൽ ചേർന്നു. ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ യോഗം വിലയിരുത്തി. ആശുപത്രി ജീവനക്കരുടെ വേതനവർദ്ധനവിനായുള്ള ആവശ്യങ്ങൾ കേരള കത്തോലിക്കാ സഭ അനുഭാവപൂർവ്വം കാണുന്നു. നീതിപൂർവ്വകമായ വേതനം അവരുടെ അവകാശമാണ്.

അനുദിനം ഉയർന്നു വരുന്ന ജീവിത ചെലവുകൾ പരിഗണിച്ചു കേരള കത്തോലിക്കാ സഭയുടെ ആതുര ശുശ്രൂഷാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനകാർക്ക് ന്യായമായ വേതന വർദ്ധനവ് നല്കുന്നതിന് യോഗം തീരുമാനിച്ചു. നഴ്സുമാരുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളുടെ തീരുമാനങ്ങൾ വൈകുന്നതു മൂലം പുതിയൊരു വേതന സ്കെയിൽ രൂപപ്പെടുത്താൻ നിശ്ചയിച്ചു ഇതിനായി 11 അംഗ കമ്മിറ്റിക്ക് രൂപം നല്കി. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ചുള്ള പുതുക്കിയ വേതനം 2017 ആഗസ്റ്റു മാസം മുതൽ നിലവിൽ വരുന്നതാണ്. 2013 ജനുവരി 1 മുതൽ നഴ്സിംഗ് മേഖലയിൽ നിലവിൽ വന്ന മിനിമം വേതനം സഭയുടെ നേതൃത്വത്തിലുള്ള എല്ലാ ആതുര ശുശ്രൂഷാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. പല സ്ഥാപനങ്ങളും നിയമാനുസൃത മിനിമം വേതനത്തെക്കാൾ ഉയർന്ന വേതനം നല്കി വരുന്നുണ്ട്. കേരളത്തിലെ കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും നിയമാനുസൃതവും മാതൃകാപരവുമായ നടത്തിപ്പിനായി കെ.സി.ബി.സി രൂപപ്പെടുത്തി നല്കിയിട്ടുള്ള മാനവവിഭവ പരിപാലനനയം എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കും. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, കെസിബിസി ലേബർ കമ്മീഷൻ സെക്രട്ടറി ഫാ. ജോർജ്ജ് തോമസ്, ഹെൽത്ത് കമ്മീഷൻ സെക്രട്ടറി ഫാ. സൈമൺ പള്ളൂപ്പേട്ട, കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡണ്ട് ഫാ. തോമസ് വൈക്കത്തുപറമ്പിൽ, കമ്മീഷൻ ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് ജൂഡ് എന്നിവർ നേതൃത്വം നല്കി. **(കെസിബി സി ലേബർ കമ്മീഷൻ, ദീപിക, 5/7/2017)**

# ന്യൂനപക്ഷ മന്ത്രാലയവും കമ്മീഷനും പിരിച്ചുവിടണമെന്ന വി.എച്ച്.പിയുടെ പ്രസ്താവന അപലപനീയം: ഐക്യജാഗ്രതാസമിതി

ന്യൂനപക്ഷ മന്ത്രാലയവും ന്യൂനപക്ഷ കമ്മീഷനും പിരിച്ചുവിടണമെന്ന വിശ്വഹിന്ദുപരിഷത്തിന്റെ നിലപാട് ജനാധിപത്യ സംവിധാനങ്ങൾക്കു വിരുദ്ധവും നിർഭാഗ്യകരവുമാണ്. മുസ്ലീങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ തടയാൻ ഹെൽപ്പ് ലൈൻ ആരംഭിക്കുമെന്ന് കഴിഞ്ഞദിവസം ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ സയ്യിദ് ഗയിറുൽ ഹസൻ റിസ്‌വി പറഞ്ഞിരുന്നു. കമ്മീഷന്റെ ഇത്തരം നിലപാടുകൾ രാജ്യത്ത് വർഗീയധ്രുവീകരണം ശക്തിപ്പെടുത്തുമെന്ന് അന്തർദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി സുരേന്ദ്ര ജെയിൻ ആരോപിക്കുന്നു. ഈ ആരോപണം അടിസ്ഥാനരഹിതവും വസ്തുതകൾക്ക് നിരക്കാത്തതും, നിയമലംഘനവുമാണ്.

രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളെ വല്ലാതെ വിഷമിപ്പിക്കുന്ന അന്തരീക്ഷം വളർന്നുവരുകയാണ്. ന്യൂനപക്ഷങ്ങളെ ആക്രമിക്കുന്നവർക്കെതിരെ ബി.ജെ.പി സർക്കാർ ഒന്നും ചെയ്യുന്നില്ല എന്ന ശക്തമായ ആരോപണം ഉയരുന്ന സാഹചര്യത്തിൽ ബി.ജെ.പിയുടെ പോഷകസംഘടനയായ വി.എച്ച്.പിയുടെ ന്യൂനപക്ഷ മന്ത്രാലയവും ന്യൂനപക്ഷ കമ്മീഷനും പിരച്ചുവിടണമെന്ന നിലപാട് അങ്ങേയറ്റം ആശങ്കാജനകമാണ്. ഭരണഘടനാപരമായ ന്യൂനപക്ഷ അവകാശങ്ങളും നിയമങ്ങളും ക്ഷേമപദ്ധതികളും ഇല്ലാതാക്കുവാനുള്ള ഗൂഢാലോചനയുടെ ഭാഗമായി ഇതിനെ കാണേണ്ടിയിരിക്കുന്നു. ഇത്തരം പ്രവണതകൾ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും മങ്ങലേൽപ്പിക്കുമെന്നതിൽ സംശയമില്ല.

വി.എച്ച്.പിയുടെ ന്യൂനപക്ഷ വിരുദ്ധ നിലപാടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ഭരണനേതൃത്വത്തിന് കടമയുണ്ട്. ഇന്ന് രാജ്യത്തെ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഗൗരവത്തോടെ കാണുവാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും സർക്കാർ സംവിധാനങ്ങൾ ശക്തിപ്പെടണം. ന്യൂനപക്ഷങ്ങൾക്ക് നീതി ലഭിക്കുവാൻ കോടതിയെ ആശ്രയിക്കണമെന്ന സ്ഥിതിവിശേഷമാണ് ഇന്ന് നിലനില്ക്കുന്നത്.

ന്യൂനപക്ഷ സമുദായങ്ങളുടെ ഭീതിയും ആശങ്കയും അകറ്റുന്നതിനുപകരം ജനാധിപത്യമൂല്യങ്ങൾക്ക് വിരുദ്ധമായ ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നവരെ പൊതുജനം തിരിച്ചറിയുകയും, ജാഗ്രത പുലർത്തുകയും വേണം.

## മദ്യശാല: തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം റദ്ദാക്കരുത്: കെസിബിസി

**കൊച്ചി:** മദ്യശാലകൾക്ക് അനുമതി നല്കാനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം റദ്ദാക്കുന്നതിനുള്ള കേരള പഞ്ചായത്തിരാജ്, മുനിസിപ്പാലിറ്റി ഭേദഗതി ബില്ലുകൾ പാസാക്കുന്നതിൽനിന്ന് സർക്കാർ പിന്മാറണം. പ്രാദേശിക വികസനവും ജനപങ്കാളിത്തവുമാണ് തദ്ദേശ സ്ഥാപനങ്ങളുടെ ആത്മാവെന്നിരിക്കെ, അവയ്ക്കു തുരങ്കം വയ്ക്കുന്ന നടപടികൾ ജനാധിപത്യത്തിനും ജനങ്ങളുടെ സ്വയം നിർണ്ണയാവകാശത്തിനും വിരുദ്ധമാണ്. ജനങ്ങളുടെ അധികാരം സർക്കാർ കവർന്നെടുക്കാൻ നടത്തുന്ന നീക്കങ്ങളെക്കുറിച്ച് സംസ്ഥാന ഭരണപരിഷ്ക്കാര കമ്മീഷൻ നിലപാടു വ്യക്തമാക്കണം. ജനങ്ങളുടെമേൽ മദ്യസംസ്കാരം അടിച്ചേല്പിക്കാനും മദ്യശാലകൾക്കുനേരെയുള്ള പ്രാദേശികമായ ചെറുത്തുനില്പുകൾ പോലീസിനെ ഉപയോഗിച്ച് അടിച്ചൊതുക്കാനുമുള്ള എൽഡിഎഫ് സർക്കാരിന്റെ ശ്രമം മദ്യലോബിയോടുള്ള അവരുടെ വിധേയത്വം വെളിപ്പെടുത്തുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ, ജനങ്ങളോടുള്ള ഉത്തരവാദിത്തം നിർവഹിക്കുന്നതിൽനിന്നു തടയുന്ന പ്രസ്തുത ബില്ലുകൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് നിരക്കാത്തതും ജനാധിപത്യ മൂല്യങ്ങൾക്കു വിരുദ്ധവുമാണ്. പ്രസ്തുത ബില്ലുകൾ പാസാക്കുന്നതിൽനിന്ന് ഭരണ പ്രതിപക്ഷ പാർട്ടികൾ പിന്മാറണമെന്ന് ആഗസ്റ്റ് 7 മുതൽ 11 വരെ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ചേർന്ന കെസിബിസി സമ്മേളനം ആവശ്യപ്പെട്ടു. **(കെസിബിസി, ദീപിക, 15/8/2017)**

## ഡോൺബോസ്കോ കോളേജ് ആക്രമണം: ഗവണ്മെന്റ് ശക്തമായ നടപടികളെടുക്കണം

സുൽത്താൻബത്തേരി: ഡോൺബോസ്കോ സെൽഫ് ഫൈനാൻസിങ്ങ് കോളേജിൽ ഇന്നലെ നടന്ന അക്രമ നശീകരണ പ്രവർത്തനങ്ങൾ തികച്ചും അപലപനീയമാണെന്നും ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുവാൻ ഗവണ്മെന്റ് ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും കെസിബിസി. വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് ആവശ്യപ്പെട്ടു.

വിദ്യാഭ്യാസപരമായും സാമ്പത്തികമായും തികച്ചും പിന്നാക്കം നിൽക്കുന്ന വയനാട് ജില്ലയിൽ നാക് അക്രഡിറ്റേഷനോടുകൂടി വളരെ നല്ല രീതിയിൽ കഴിഞ്ഞ 13 വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനമാണ് കാമ്പസിനു പുറത്തുനിന്നുള്ളവർ കടന്നാക്രമിക്കുകയും കെട്ടിടവും ഓഫീസ്, ലാബ് സംവിധാനങ്ങളും വളരെ കിരാതമായ രീതിയിൽ നശിപ്പിക്കുകയും ചെയ്തിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസം കൈമാറാനുള്ള സംസ്ഥാനത്തിന്റെ ഉത്തരവാദിത്തത്തിൽ പങ്കാളിയായിക്കൊണ്ട് യൂണിവേഴ്സിറ്റിയുടെ എല്ലാ നിയമങ്ങൾക്കും വിധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തെ സംരക്ഷിക്കുവാൻ ഗവണ്മെന്റിനു ഗൗരവമായ ബാധ്യതയുള്ളപ്പോഴാണ് ആസൂത്രിതമായ ഈ ഗുണ്ടായിസം അരങ്ങേറിയത് എന്നത് തികച്ചും ആക്ഷേപകരമായ കാര്യമാണ്. ഭരണഘടനയുടെ മൗലികാവകാശങ്ങളുടെ നഗ്നമായ ലംഘനമാണ് ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനത്തിന്റെ പ്രവർത്തനത്തെ തകർക്കുന്ന രീതിയിലുള്ള ഈ നടപടികൾ.

കോളേജു കാമ്പസിൽ രാഷ്ട്രീയപ്രവർത്തനങ്ങൾ വിലക്കിക്കൊണ്ടുള്ള നിരവധി വിധികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഉണ്ടായിരിക്കുകയും രാഷ്ട്രീയപ്രവർത്തനം ഏതറ്റം വരെയാകാമെന്നു തീരുമാനിക്കാനുള്ള അവകാശം മാനേജർമാർക്കാണെന്നു വ്യക്തമാക്കുകയും ചെയ്തിട്ടുള്ള രാജ്യത്താണ് കോളേജിലെ രാഷ്ട്രീയപ്രവർത്തനത്തിനെതിരെ നിലപാടെടുത്ത കോളേജിനെതിരെ ഈ ഗുണ്ടായിസം നടമാടിയത്. സ്വസ്ഥമായ പഠനാന്തരീക്ഷം നിലനില്ക്കുന്ന കോളേജുകളിൽ സമാനമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഗവണ്മെന്റ് ജാഗ്രത പാലിക്കണം.

ഭരണഘടനയും കോടതിവിധികളും അനുവദിച്ചു തന്ന അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് കോളേജുകൾ നടത്തിക്കൊണ്ടു പോകുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും ക്യാമ്പസിൽ കടന്നുകയറി നശീകരണപ്രവർത്തനങ്ങൾ നടത്തിയവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും ഈ കോളേജിനുണ്ടായിട്ടുള്ള മുഴുവൻ നാശനഷ്ടങ്ങൾ പരിഹരിക്കുവാനും സർക്കാർ തയ്യാറാകണമെന്ന് മാർ താഴത്ത് ആവശ്യപ്പെട്ടു. **(കെസിബിസി വിദ്യാഭ്യാസകമ്മീഷൻ, ദീപിക, 13/7/2017)**

## നഴ്സുമാരുടെ ശമ്പളവർധന ഓഗസ്റ്റിൽ നടപ്പാക്കണം

**കൊച്ചി:**കത്തോലിക്കാസഭയുടെ ആശുപത്രികളിൽ ആഗസ്റ്റുമാസം മുതൽ ഐആർസി നിർദ്ദേശിച്ചിട്ടുള്ള ശമ്പളവർധനവ് നടപ്പിൽ വരുത്തും. ഇതു സംബന്ധിച്ച് എല്ലാ കത്തോലിക്കാ രൂപതകൾക്കും കെസിബിസി നിർദേശം നല്കിയിട്ടുണ്ട്. 1-20 ബഡുകളുള്ള ആശുപത്രികളിൽ 18,232 രൂപയും 21-100ൽ 19,810 രൂപയും 101-300 ൽ 20,014 രൂപയും 301-500 ൽ 20,980 രൂപയും 501-800 ൽ 22,040 രൂപയും 800-നു മുകളിൽ ബെഡുകളുള്ള ആശുപത്രികളിൽ 23,760 രൂപയുമാണ് നല്കേണ്ടത്.

2013-ൽ നിശ്ചയിച്ച മിനിമം വേതനം അനുസരിച്ചുള്ള ശമ്പളസ്കെയിലിലാണ് നിലവിൽ സഭയുടെ എല്ലാ സ്ഥാപനങ്ങളും വേതനം നല്കുന്നത്. പരിഷ്കരിച്ച മിനിമം വേതനം സംബന്ധിച്ച സർക്കാർ വിജ്ഞാപനം ഇറങ്ങുന്നതിനുള്ള കാലതാമസം പരിഗണിച്ചാണ് ഐആർസി (ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി) നിർദേശിച്ചിട്ടുള്ള പുതുക്കിയ വേതന നിരക്ക് സഭയുടെ എല്ലാ ആശുപത്രികളിലും ആഗസ്റ്റുമാസം മുതൽ നടപ്പാക്കാൻ നിർദേശം നല്കിയിട്ടുള്ളത്. ആശുപത്രി ജീവനക്കാരുടെ ശമ്പള വർധനവിനുള്ള ആവശ്യത്തെ കത്തോലിക്കാസഭ അനുഭാവപൂർവമാണ് കാണുന്നത്. ആശുപത്രി ജീവനക്കാരുടെ പുതുക്കിയ മിനിമം വേതനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സർക്കാർ ത്വരിതപ്പെടുത്തണം. ചെറുകിട ആശുപത്രികളുടെയും നഴ്സിങ്ങ്ഹോമുകളുടെയും പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രങ്ങളുടെയും നിലനില്പ് പ്രതിസന്ധിയിലാകാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട സ്ഥാപനങ്ങളുടെ തകർച്ച കേരളത്തിന്റെ പൊതുജന ആരോഗ്യരംഗത്ത് വൻ പ്രതിസന്ധി സൃഷ്ടിക്കും. സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത ചികിത്സാ ചെലവിലേക്ക് ഇത് കേരളത്തെ തള്ളിവിടാതിരിക്കാൻ സർക്കാർ മുൻകരുതൽ സ്വീകരിക്കണമെന്നും കെസിബിസി സർക്കാരിനോട് അഭ്യർത്ഥിച്ചു. **(കെസിബിസി, ദീപിക, 17/7/2017)**

# ഗര്‍ഭഛിദ്രാനുമതി നിയമം പുന:പരിശോധിക്കണം അല്ലെങ്കില്‍ പിന്‍വലിക്കണം

**കൊച്ചി:** 1971-ല്‍ ഇന്ത്യയില്‍ പ്രാബല്യത്തില്‍ വന്നതും, പ്രത്യേക സാഹചര്യങ്ങളില്‍ നിശ്ചിത ആഴ്ചകള്‍ വരെ ഗര്‍ഭഛിദ്രാനുമതി നല്കുന്നതുമായ മെഡിക്കല്‍ ടെര്‍മിനേഷന്‍ ഓഫ് പ്രഗ്നന്‍സി ആക്ട് (MTP) പുന:പരിശോധിച്ച് പിന്‍വലിക്കണമെന്ന് കെസിബിസി പ്രൊലൈഫ് സമിതി ആവശ്യപ്പെട്ടു. രാജ്യത്തിന്റെ ധാര്‍മ്മിക വ്യവസ്ഥയും ശാസ്ത്രത്തിന്റെ പുതിയ കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തില്‍ മനുഷ്യജീവനെ ഹനിക്കുന്ന അവസ്ഥക്കു മാറ്റം ഉണ്ടാകണം.

ഗര്‍ഭധാരണത്തിന്റെ ആദ്യനിമിഷങ്ങളില്‍ തന്നെ മനുഷ്യജീവന് തുടക്കം കുറിക്കുന്നുവെന്ന വസ്തുത വിസ്മരിക്കുവാന്‍ പാടില്ല. ഗര്‍ഭസ്ഥ ശിശുവിന്റെ ജീവനും ഭൂമിയില്‍ ജീവിക്കുന്ന വ്യക്തിയുടെ ജീവനും തുല്യപ്രാധാന്യമാണുള്ളത്.

ഗര്‍ഭിണികള്‍ക്കും കുഞ്ഞുങ്ങളെ വളര്‍ത്തുവാന്‍ അമ്മമാര്‍ക്കും നിരവധി ആനുകൂല്യങ്ങള്‍ പ്രഖ്യാപിക്കുന്ന കേന്ദ്രസര്‍ക്കാര്‍, എം.ടി.പി. ആക്ട് പിന്‍വലിക്കുവാന്‍ തയ്യാറാകണമെന്ന് പ്രൊലൈഫ് സമിതി സര്‍ക്കാരിനോട് ആവശ്യപ്പെട്ടു.

സംസ്ഥാന ഡയറക്ടര്‍ ഫാ. പോള്‍ മാടശ്ശേരി അധ്യക്ഷത വഹിച്ചു. ജോര്‍ജ് എഫ്. സേവ്യര്‍, സാബു ജോസ്, സിസ്റ്റര്‍ മേരി ജോര്‍ജ്, അഡ്വ. ജോസി സേവ്യര്‍ തുടങ്ങിയവര്‍ പ്രസംഗിച്ചു.

ഗര്‍ഭസ്ഥശിശുവിന്റെ ജീവന് കാലാവധി നിശ്ചയിക്കുവാന്‍ മാതാപിതാക്കള്‍ തയ്യാറാകുന്നു. അമ്മയുടെ ജോലി, പഠനം, സ്ഥലംമാറ്റം, എന്നിവയെല്ലാം പറഞ്ഞ് ഉദരത്തിലെ ശിശുവിനെ നശിപ്പിക്കുവാന്‍ തയ്യാറാകുന്ന പ്രവണത ഇന്ന് വര്‍ദ്ധിച്ചുവരുന്നു. ആഗ്രഹിക്കുന്നവര്‍ക്ക് ദത്തെടുക്കുവാന്‍ കുഞ്ഞുങ്ങളെ ലഭിക്കാത്ത സാഹചര്യമാണുള്ളത്. കൂടാതെ എം.ടി.പി. നിയമത്തിന്റെ മറവില്‍ പെണ്‍ഭ്രൂണഹത്യയും നടക്കുന്നു. **(കെസിബിസി പ്രൊലൈഫ് സമിതി, ദീപിക, 7/30/2017)**

# നല്ല പൗരന്മാരെ വാര്‍ത്തെടുക്കാന്‍ ക്രിസ്തീയ അധ്യാപകര്‍ക്കു കടമയുണ്ട്: ബിഷപ്പ് ജോഷ്വാ മാര്‍ ഇഗ്നാത്തിയോസ്

**കൊച്ചി:** മാനവീയ മൂല്യങ്ങള്‍ പകര്‍ന്നു നല്കുന്ന വിദ്യാഭ്യാസത്തിലൂടെ നല്ല പൗരന്മാരെ വാര്‍ത്തെടുക്കുവാന്‍ ക്രിസ്തീയ വിദ്യാലയങ്ങള്‍ക്കും അധ്യാപകര്‍ക്കും കടമയുണ്ടെന്ന് മാവേലിക്കര രൂപതാധ്യക്ഷന്‍ ജോഷ്വാ മാര്‍ ഇഗ്നാത്തിയോസ് പറഞ്ഞു. കേരള കത്തോലിക്കാ വിദ്യാര്‍ത്ഥി സഖ്യത്തിന്റെ ആനിമേറ്റേഴ്സ് കോണ്‍ഫറന്‍സും അവാര്‍ഡുദാനചടങ്ങും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളില്‍ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറല്‍ ഡയറക്ടര്‍ ഫാ. തോംസണ്‍ പഴയചിറപീടികയില്‍, ജനറല്‍ ഓര്‍ഗനൈസര്‍ സിറിയക് നരിതൂക്കില്‍, സാബു തങ്കച്ചന്‍, മനോജ് ചാക്കോ എന്നിവര്‍ പ്രസംഗിച്ചു. പുതിയ സംസ്ഥാന വിദ്യാര്‍ത്ഥി ഭാരവാഹികള്‍ക്ക് സമ്മേളനത്തില്‍ വച്ച് സ്വീകരണം നല്കി. കുര്യച്ചന്‍ പുതുക്കാട്ടില്‍ രചിച്ച സ്റ്റഡിസര്‍ക്കിള്‍ ഗ്രന്ഥമായ ജീവിതം വിസ്മയം, ആന്റണി ചടയംമുറി രചിച്ച ഉപപാഠപുസ്തകമായ വിശുദ്ധ ജോസ് ലൂയീസ് എന്നീ ഗ്രന്ഥങ്ങള്‍ ബിഷപ് പ്രകാശനം ചെയ്തു. ഏറ്റവും മികച്ച അധ്യാപകനുള്ള ഷെവ. പി.ടി. തോമസ് അവാര്‍ഡ് കുര്യച്ചന്‍ പുതുക്കാട്ടിലിനും ബെസ്റ്റ് സിസ്റ്റര്‍ ആനിമേറ്റര്‍ക്കുള്ള അവാര്‍ഡ് സിസ്റ്റര്‍ ജിസ മരിയ സി.എച്ച്.എഫിനും ബിഷപ് സമ്മാനിച്ചു.



കേരള കത്തോലിക്കാ വിദ്യാര്‍ത്ഥി സഖ്യത്തിന്റെ ആനിമേറ്റേഴ്സ് കോണ്‍ഫറന്‍സും അവാര്‍ഡുദാനചടങ്ങും ബിഷപ് ജോഷ്വാ മാര്‍ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. തോംസണ്‍ പഴയചിറപീടികയില്‍, കുര്യച്ചന്‍ പുതുക്കാട്ടില്‍, മാത്തുക്കുട്ടി കുത്തനാപ്പിള്ളില്‍ എന്നിവര്‍ സമീപം

വിവിധ രൂപതകളില്‍ നിന്നുള്ള 120 അധ്യാപകര്‍ ദ്വിദിന കോണ്‍ഫെറന്‍സില്‍ പങ്കെടുത്തു. **(കെസിഎസ്എല്‍, ദീപിക, 29/6/2017)**

# കെസിബിസി മതാധ്യാപക അവാര്‍ഡുകള്‍ പ്രഖ്യാപിച്ചു


**കൊച്ചി:** വിശ്വാസപരിശീലനരംഗത്ത് നിസ്തുലമായ സേവനങ്ങള്‍ നല്കിയിട്ടുള്ള മതാധ്യാപകര്‍ക്കായി കേരള കത്തോലിക്കാ മെത്രാന്‍ സമിതി ഏര്‍പ്പെടുത്തിയിട്ടുള്ള 2017-ലെ അവാര്‍ഡു ജേതാക്കളെ പ്രഖ്യാപിച്ചു. അവാര്‍ഡ് ജേതാക്കള്‍ പാലാ രൂപതയിലെ കടനാട് സെന്റ് അഗസ്റ്റിന്‍ ഫൊറോന പള്ളി ഇടവകാംഗമായ ശ്രീ. പി.എം. അഗസ്റ്റിന്‍, കണ്ണൂര്‍ രൂപതയിലെ പയങ്ങാടി സേക്രഡ് ഹാര്‍ട്ട് ചര്‍ച്ച് ഇടവകാംഗമായ മിസ് ടി. മേരി, മാവേലിക്കര രൂപതയിലെ പോരുവഴി സെന്റ് ജോര്‍ജ് മലങ്കര പള്ളി ഇടവകാംഗമായ ശ്രീ. വൈ സാമുവല്‍ എന്നിവരാണ്. **(കെസിഎസ്എല്‍, ദീപിക, 17/7/2017)**



പി.എം. അഗസ്റ്റിന്‍



ടി. മേരി



വൈ സാമുവല്‍

# സാക്ഷര കേരളത്തെ സർക്കാർ രാക്ഷസ കേരളമാക്കുന്നു: ബിഷപ്പ് മാർ റെമജിയോസ് ഇഞ്ചനാനിയിൽ

**കൊച്ചി:** സാക്ഷര കേരളത്തെ സർക്കാർ മദ്യമൊഴുക്കി രാക്ഷസ കേരളമാക്കി മാറ്റുകയാണെന്ന് ബിഷപ്പ് മാർ റെമജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. പാലാരിവട്ടം പി.ഒ.സി.യിൽ നടക്കുന്ന ദ്വിദിന കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ലീഡേഴ്സ് മീറ്റ് – 2017 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്. 50 പേരെ മദ്യാസക്തിയിൽ നിന്ന് പിന്തിരിപ്പിക്കുമ്പോൾ 500 പേരെ മദ്യാസക്തരാക്കിത്തീർക്കുന്ന മദ്യനയമാണ് സർക്കാരിന്റേതെന്ന് ബിഷപ്പ് തുടർന്നു പറഞ്ഞു. ഇതര മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുമായി ചേർന്ന് മദ്യവിരുദ്ധ പോരാട്ടം ശക്തമാക്കുമെന്നും ബിഷപ്പ് പറഞ്ഞു.

ചടങ്ങിൽ മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അധ്യക്ഷനായിരുന്നു. **(കെസിബിസി മദ്യവിരുദ്ധസമിതി, ദീപിക, 19/7/2017)**



കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ലീഡേഴ്സ് മീറ്റ് – 2017 പാലാരിവട്ടം പി.ഒ.സി.യിൽ സംസ്ഥാന ചെയർമാൻ ബിഷപ് മാർ റെമജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു. ബെനഡിക്ട് ക്രിസോസ്റ്റം, തോമസ് കുട്ടി മണക്കുന്നേൽ, പ്രസാദ് കുരുവിള, ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, റവ. ഡോ. വർഗ്ഗീസ് വള്ളിക്കാട്ട് , ഫാ. പോൾ കാരാച്ചിറ, അഡ്വ.ചാർളി പോൾ, ഫാ.ജേക്കബ് വെള്ളമരുതുങ്കൽ എന്നിവർ സമീപം.

# രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ യുവജനങ്ങളെക്കുറിച്ചുള്ള സ്വപ്നം സാക്ഷാത്കരിക്കുക: ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

**കൊച്ചി:** കൂടുതൽ നീതിയുക്തവും പരസ്പര സൗഹാർദ്ദത്തിലധിഷ്ഠിതവുമായ ഒരു ലോകം സൃഷ്ടിക്കാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് ആർച്ചുബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ ആഹ്വാനം ചെയ്തു. 2018 ഒക്ടോബർമാസം 'യുവജനം വിശ്വാസം വിളിസംബന്ധമായ വിവേചിച്ചറിയൽ' എന്ന വിഷയത്തെ ആസ്പദമാക്കി റോമിൽ നടക്കുന്ന 15–ാം മെത്രാൻ സിനഡിന്റെ ഒരുക്കരേഖയുടെ പഠനശിബിരം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സിനഡിലൂടെ പുതിയൊരു സമീപനം അവതരിപ്പിച്ചുകൊണ്ട് ഒരു ആത്മശോധന നടത്താനാണ് സഭ ഉദ്ദേശിക്കുന്നതെന്നും ഇതിനായി യുവജനങ്ങളെ ശ്രവിക്കാൻ സഭ സന്നദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന വിവിധ യുവജനസംഘടനകളുടെ പ്രതിനിധികളും, 31 രൂപതാ യുവജനഭാരവാഹികളും ഈ പഠനശിബിരത്തിൽ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങിൽ പി.ഒ.സി ഡയറക്ടർ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. വിവിധ യുവജന സംഘടനകളുടെ ആനിമേറ്റർ വൈദികരും അല്മായ നേതാക്കളും ആശംസകളർപ്പിച്ചു. റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, റവ. ഫാ. ജോളി വടക്കൻ, റവ. ഡോ. സെബാസ്റ്റ്യൻ പുത്തേൻ, റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒഐസി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. **(കെസിബിസി, ദീപിക, 23/7/2017)**



റോമിൽ നടക്കുന്ന 15–ാം മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കരേഖയുടെ പഠനശിബിരം ആർച്ചുബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒഐസി, ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, ഫാ. മാത്യു എസ്.ഡി.ബി., സിറിയക് ചാഴിക്കാടൻ (മിജാരക്), റീത്ത (സി.എൽ.സി) എന്നിവർ മുൻനിരയിൽ

## വാർത്തകൾ

# ക്വാറികൾക്കു പരിസ്ഥിതി അനുമതിക്ക് ജില്ലാതല സമിതി

**തിരുവനന്തപുരം:** കരിങ്കൽ ക്വാറികൾ പ്രവർത്തിക്കാനുള്ള പരിസ്ഥിതി അനുമതി നല്കാൻ ഇനി എല്ലാ ജില്ലകളിലും വിദഗ്ധസമിതി. കലക്ടർ ചെയർമാനായി രൂപീകരിച്ച ജില്ലാപരിസ്ഥിതി നിർണയ അതോറിറ്റിയാണ് അഞ്ചു ഹെക്ടറിൽ താഴെയുള്ള ക്വാറികൾക്ക് നല്കേണ്ടത്. അതോറിറ്റിക്കു കീഴിലുള്ള അപ്രൈസൽ കമ്മിറ്റി ക്വാറി നേരിട്ടു പരിശോധിച്ച് നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി ശുപാർശ ചെയ്താൽ മാത്രമേ പ്രവർത്താനുമതി ലഭിക്കൂ. നേരത്തേ സംസ്ഥാനതല അതോറിറ്റിയാണു ക്വാറികൾക്ക് അനുമതി നല്കിയിരുന്നത് പൊതു സ്ഥലങ്ങളിൽനിന്നു ക്വാറികളിലേക്കുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്ററാക്കി സർക്കാർ കഴിഞ്ഞ ദിവസം ഉത്തരവിട്ടിരുന്നു. സംസ്ഥാനത്ത് 2500–ലേറെ ചെറുകിട ക്വാറികൾ തുറക്കാനുള്ള സാഹചര്യമാണ് ഇതിലൂടെ ഒരുങ്ങിയത്. ..... **(മലയാള മനോരമ, 25/6/2017)**

## സഹിഷ്ണുത സംരക്ഷിക്കുന്നതിൽ മാധ്യമങ്ങൾക്കു പങ്ക്: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** സമൂഹത്തിൽ മതവിശ്വാസങ്ങൾ തമ്മിലും മറ്റുമുള്ള അകൽച്ചയും അസ്വസ്ഥതയും സംഘർഷങ്ങൾക്കു വഴിവയ്ക്കുന്ന സാഹചര്യത്തിൽ സഹിഷ്ണുതയ്ക്കായി മാധ്യമങ്ങൾക്ക് ഏറെ ചെയ്യാനുണ്ടെന്നു മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളുടെ വളർച്ചയ്ക്കും നന്മയ്ക്കും ക്ഷേമത്തിനുമായുള്ള പ്രവർത്തനമാണ് യഥാർഥ സുവിശേഷവത്ക്കരണമെന്നും കർദിനാൾ ചൂണ്ടിക്കാട്ടി. കത്തോലിക്കാ സഭയുടെ മുഖപത്രമായ സത്യദീപത്തിന്റെ നവതിആഘോഷ സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. **(മാതൃഭൂമി, 3/7/2017)**

## മാധ്യമങ്ങൾക്ക് കുടുംബങ്ങളിലേക്ക് കടന്നുകയറാൻ അവകാശമുണ്ടോ: ഹൈക്കോടതി

**കൊച്ചി:** മാധ്യമങ്ങൾക്ക് കുടുംബങ്ങളിലേക്ക് കടന്നുകയറാനും എത്തിനോക്കാനും അവകാശമുണ്ടോയെന്ന് ഹൈക്കോടതി. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ മാധ്യമങ്ങൾക്ക് എത്രത്തോളം സ്വാതന്ത്ര്യം അവകാശപ്പെടാനാവുമെന്നും കോടതി ചോദിച്ചു. മതംമാറി വിവാഹംകഴിച്ച ഹാദിയയുടെ വിവാഹം ഹൈക്കോടതി റദ്ദാക്കിയതിനെത്തുടർന്ന് മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിയുന്ന ഹാദിയയുമായി അഭിമുഖ്യത്തിന് പൊലീസ് അനുവദിക്കുന്നില്ലെന്നു ചൂണ്ടിക്കാട്ടി മാധ്യമപ്രവർത്തക സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് പി ബി സുരേഷ്കുമാറിന്റെ വാക്കാൽ പരാമർശങ്ങൾ. **(ദേശാഭിമാനി, 8/7/2017)**

## ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനം: 17 സ്കൂളുകളും ഒരു കോളജും കേരളത്തിൽ

**ന്യൂഡൽഹി:** ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ടു നവോദയ കേന്ദ്രീയ വിദ്യാലയം എന്നിവയുടെ സ്ഥാപനങ്ങൾ ആരംഭിക്കാൻ നിർദേശം. ന്യൂനപക്ഷ മന്ത്രാലയും നിയോഗിച്ച മൗലാന ആസാദ് എജ്യൂക്കേഷൻ ഫൗണ്ടേഷനാണു നിർദേശം സമർപ്പിച്ചത്. ഇതിൽ 17 സ്കൂളുകളും ഒരു കോളജും കേരളത്തിലാണ്. കേരളത്തിൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, എന്നീ നഗരങ്ങൾക്കു പുറമെ പാറശാല, വെട്ടിക്കവല, റാന്നി, പള്ളം, ചമ്പക്കുളം, കട്ടപ്പന, അങ്കമാലി, കൊടകര, അട്ടപ്പാടി, നിലമ്പൂർ, കൊടുവള്ളി, സുൽത്താൻബത്തേരി, തളിപ്പറമ്പ്, നീലേശ്വരം എന്നീ നഗരങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കണമെന്നാണു നിർദേശം. **(മലയാള മനോരമ, 8/7/2017)**

## സകലമനുഷ്യരോടും സഹകരിച്ചു പ്രവർത്തിക്കണം: ദൈവശാസ്ത്ര സമ്മേളനം

**ബാംഗ്ളൂർ:** മാറുന്ന കാലഘട്ടത്തിൽ കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കായി പുനരർപ്പണം ചെയ്യാൻ സഭ സകല മനുഷ്യരോടും സഹകരിച്ചു പ്രവർത്തിക്കണമെന്ന് അഖിലേന്ത്യാ ദൈവശാസ്ത്ര സമ്മേളനം. സൃഷ്ടിയിലൂടെ മനുഷ്യകുലം മുഴുവനുമായും ഗാഢബന്ധത്തിലായ ദൈവാത്മാവുതന്നെയാണു സഭയിൽ വിവിധ ശുശ്രൂഷകൾക്കായി വിശ്വാസികളെ ഒരുക്കുന്നത്. അതിനാൽ സഭയ്ക്കു വെളിയിലും പ്രവർത്തനനിരതമായ പരിശുദ്ധാത്മാവിന്റെ സ്വരം തിരിച്ചറിയണമെന്നു സമാപന സന്ദേശത്തിൽ സീറോമലബാർ സഭാധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി ചൂണ്ടിക്കാട്ടി. **(ദീപിക, 9/7/2017)**

## കാളയെ വാങ്ങാൻ പണമില്ല; ദരിദ്ര കർഷകന്റെ നിലം ഉഴുന്നത് പെൺമക്കൾ

**മധ്യപ്രദേശ്:** കാളയ്ക്കു പകരം കലപ്പ വലിക്കുന്നത് സ്വന്തം മക്കളായ രാധയും(13) കുന്തിയും(9) നിലമുഴാനായി കാളയെ വാങ്ങാൻ പണമില്ലാത്ത സർദാർ ബറേല(42) എന്ന ദരിദ്ര കർഷകന്റെ അവസ്ഥയാണിത്. ബസ്തൻപുരിലെ പങ്കരി ഗ്രാമത്തിൽ കൃഷിചെയ്യുന്ന ബറേല രണ്ടു വർഷമായി ഇങ്ങനെയാണ് നിലമുഴുന്നത്. അച്ഛനും മക്കളും ചേർന്നു നിലമുഴുന്ന വീഡിയോ ഇന്റർനെറ്റിൽ വ്യാപകമായി പ്രചരിച്ചതോടെ ജില്ലാ ഭരണകൂടം ഇളകി. സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ ബറേലയ്ക്കു ലഭ്യമാക്കുമെന്ന് റവന്യൂ ഉദ്യോഗസ്ഥൻ അറിയിച്ചു. **(മലയാള മനോരമ, 10/7/2017)**

## അവിവാഹിതരായ പുരുഷനും സ്ത്രീക്കും കുട്ടികളെ ദത്തെടുക്കാം

**ന്യൂഡൽഹി:** ബാലനീതിനിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരം അവിവാഹിതരായ പുരുഷനും സ്ത്രീക്കും കുട്ടികളെ ദത്തെടുക്കാം. പ്രവാസികൾക്കു വിദേശ ഇന്ത്യക്കാർക്കും ഇതിനായി നടപടിക്രമങ്ങൾ പാലിച്ച് അപേക്ഷിക്കാം. പുരുഷന്മാർക്ക് ആൺകുട്ടികളെ മാത്രമേ ദത്തെടുക്കാനാവൂ. സ്ത്രീകൾക്ക് നിയന്ത്രണങ്ങളില്ല. അപേക്ഷനല്കി കാത്തിരിക്കുന്നവരുടെ കേന്ദ്രീകൃതപട്ടിക തയ്യാറാക്കുന്നത് സെൻട്രൽ അഡോപ്ഷൻ റിസർച്ച് ഏജൻസി (സി.എ.ആർ.എ) ആണ്. രാജ്യത്തെ എല്ലാ ശിശുപരിപാലനകേന്ദ്രങ്ങളും ഈ ഏജൻസിയിൽ രജിസ്റ്റർ ചെയ്തിരിക്കണം. സ്വകാര്യ ഉടമസ്ഥതയിലുള്ളവയ്ക്കും ഇത് ബാധകമാണ്. സ്ത്രീകൾക്ക് മുൻഗണന നല്കാനുള്ള പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ വെയിറ്റിങ് ലിസ്റ്റ് പരിഷ്ക്കരിച്ചേക്കും. നാല് വയസ്സുവരെയുള്ള കുട്ടികളെ ദത്തെടുക്കാനാണ് 45 വയസ്സുള്ളവർക്ക് സാധിക്കുക. 46 മുതൽ 50 വയസ്സുവരെയുള്ളവർക്ക് അഞ്ച്-എട്ട് പ്രായക്കാരെയും 55 വയസ്സ് വരെയുള്ളവർക്ക് 9 മുതൽ 18 വയസ്സ് ഉള്ളവരെയും ദത്തെടുക്കാം. 55-ന് മുകളിലുള്ളവർക്ക് ദത്തെടുക്കാനാവില്ലെന്നാണ് വ്യവസ്ഥ. **(മാതൃഭൂമി, 12/7/2017)**

## കന്നുകാലി വില്പന നിയന്ത്രണത്തിനു സുപ്രീംകോടതിയുടെ സ്റ്റേ

**ന്യൂഡൽഹി:** കശാപ്പിനായി കന്നുകാലികളെ വില്ക്കുന്നതു നിയന്ത്രിച്ച് കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനത്തിനു മദ്രാസ് ഹൈക്കോടതി ഏർപ്പെടുത്തിയ താത്ക്കാലിക സ്റ്റേ സുപ്രീംകോടതി രാജ്യവ്യാപകമാക്കി. മൂന്നു മാസത്തേക്കാണു സ്റ്റേ. കശാപ്പിനായി കാലിച്ചന്തകൾ വഴി കന്നുകാലികളെ വില്ക്കുന്നതു തടഞ്ഞ വിജ്ഞാപനത്തിൽ ഭേദഗതി കൊണ്ടുവരുമെന്നും ഉത്തരവ് സംബന്ധിച്ച പരാതികൾ മൂന്നു മാസത്തിനുള്ളിൽ പരിഹരിക്കാമെന്നും കേന്ദ്ര സർക്കാർ കോടതിയിൽ ഉറപ്പ് നല്കി. **(ദീപിക, 12/7/2017)**

JAGRATHA

## ഫാ. ടോം ഉഴുന്നാലിൽ ജീവിച്ചിരിക്കുന്നു: യെമൻ

**ന്യൂഡൽഹി:** യെമനിൽ ഭീകരർ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിൽ ജീവനോടെയുണ്ടെന്നും അദ്ദേഹത്തിന്റെ മോചനത്തിനായി യെമൻ ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തുമെന്നും യെമൻ ഉപപ്രധാനമന്ത്രി അബ്ദുൾമാലിക് അബ്ദുൾ ജലീൽ അൽ മെഖ്‌ലാഫി. ഫാ. ടോമിന്റെ സുരക്ഷയെക്കുറിച്ച് ഇന്ത്യയുടെ ആശങ്ക വിദേശകാര്യമന്ത്രി സുഷമ സ്വരാജ് അറിയിക്കവേയാണ് യെമൻ ഉപപ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. **(ദീപിക, 12/7/2017)**

## തെരുവു നായ്: നടപടിയെടുക്കണം: സുപ്രീംകോടതി

**ന്യൂഡൽഹി:** കേരളത്തിലെ തെരുവുനായ ആക്രമണം തടയുന്നതിന് സംസ്ഥാന സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചു. എന്തുകൊണ്ടാണ് കേരളത്തിൽ മാത്രം ഇത്രയധികം തെരുവ്നായ ആക്രമണങ്ങൾ നടക്കുന്നതെന്ന ചോദ്യം കോടതി ആവർത്തിച്ചു.

സംസ്ഥാനത്ത് വർദ്ധിക്കുന്ന തെരുവ്നായ ശല്യത്തിൽ ആശങ്കയുണ്ട്. സാധ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനൊപ്പം തെരുവ്നായ ആക്രമണങ്ങളുടെ കണക്കുകളും സംസ്ഥാന ചീഫ് സെക്രട്ടറി സുപ്രീംകോടതിയിൽ സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. 1.60 ലക്ഷം പേർക്കാണ് ഏതാനും വർഷത്തിനിടെ കേരളത്തിൽ തെരുവ്നായ്ക്കളുടെ കടിയേറ്റതെന്നും അടുത്തിടെ മാത്രം മൂന്നുപേർ മരിച്ചതായും നായശല്യം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. **(ജന്മഭൂമി, 11/7/2017)**

## മസ്തിഷ്ക മരണ സ്ഥിരീകരണം: അധികാരികൾ ജാഗ്രത പാലിക്കണം: ഹൈക്കോടതി

**കൊച്ചി:** മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള നടപടികളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു. മസ്തിഷ്ക മരണം മുഖേനയുള്ള അവയവ ദാനം കേരളത്തിൽ കച്ചവടമായി മാറുന്ന സാഹചര്യത്തിൽ ഇത്തരം മരണം സ്ഥിരീകരിക്കാൻ ഗൗരവമേറിയ നടപടി വേണമെന്നാവശ്യപ്പെട്ട് കൊല്ലം മരുത്തടി സ്വദേശി ഡോ. എസ്. ഗണപതി നല്കിയ ഹർജിയിലാണ് ഡിവിഷൻ ബെഞ്ച് ഈ നിർദേശം നല്കിയത്. അപകടങ്ങളിൽ ഗുരുതര പരിക്കേറ്റ് ചികിത്സ തേടിയെത്തുന്നവരിൽ മസ്തിഷ്ക മരണം ഉറപ്പാക്കാൻ ഇഇജി(ഇലക്ട്രോ എൻസെഫാലോ ഗ്രാം) ടെസ്റ്റ് നടത്തണമെന്ന വ്യവസ്ഥ ആശുപത്രികൾ പാലിക്കുന്നില്ലെന്നും അവയവമാറ്റ ശസ്ത്രക്രിയയിലൂടെ ലക്ഷങ്ങൾ സമ്പാദിക്കാൻ സ്വകാര്യ ആശുപത്രികൾ തെറ്റായി മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയാണെന്നുമായിരുന്നു ഹർജിയിലെ ആരോപണം. **(ജനയുഗം, 11/7/2017)**

## പശുവിനെയും ഗുജറാത്തിനെയുംപറ്റി മിണ്ടരുത്: സെൻസർ ബോർഡ്

**ന്യൂഡൽഹി** : പശു, ഗുജറാത്ത്, ഹിന്ദു ഇന്ത്യ, ഹിന്ദുത്വ വ്യൂ ഓഫ് ഇന്ത്യ എന്നീ വാക്കുകൾക്ക് സെൻസർ ബോർഡിന്റെ വിലക്ക്. നൊബേൽ സമ്മാന ജേതാവായ അമർത്യസെന്നിനെക്കുറിച്ച് സാമ്പത്തിക വിദഗ്ധനായ സുമൻ ഘോഷ് സംവിധാനംചെയ്ത ആർഗ്യുമെന്റേറ്റീവ് ഇന്ത്യൻ എന്ന ഡോക്യുമെന്ററിയിലാണ് ഈ വാക്കുകൾക്ക് വിലക്കേർപ്പെടുത്തിയത്. ബീപ് ശബ്ദം ഉപയോഗിച്ച് വാക്കുകൾ ഒഴിവാക്കാനും നിർദേശിച്ചു. **(ദേശാഭിമാനി, 13/7/2017)**

## അനാഥാലയങ്ങൾ സമരമുഖത്തേക്ക്: ബാലനീതി നിയമംമൂലമുള്ള പ്രതിസന്ധി; അനാഥാലയങ്ങൾ പൂട്ടേണ്ടിവരും

**കോഴിക്കോട്:** ബാലനീതി നിയമം നടപ്പിലാക്കുക വഴി കേരളത്തിലെ അനാഥാലയങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്ന് അസോസിയേഷൻ ഓഫ് ഓർഫനേജസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് സംസ്ഥാന നിർവാഹകസമിതിയോഗം. അല്ലെങ്കിൽ അനാഥാലയങ്ങൾ അടച്ചുപൂട്ടേണ്ടിവരുന്ന നടപടികൾ സ്വീകരിക്കേണ്ടിവരുമെന്നും അത്തരമൊരു സാഹചര്യത്തിൽ കേരളം നേരിടാൻ പോകുന്ന സാമൂഹ്യ ഭവിഷ്യത്തും പ്രത്യാഘാതങ്ങളും നേരിടാൻ സർക്കാർ സന്നദ്ധരാകേണ്ടിവരുമെന്നും യോഗം മുന്നറിയിപ്പ് നല്കി. കേരളത്തിലെ 1200ഓളം സ്ഥാപനങ്ങളിലായി പഠിക്കുന്ന 52500 കുട്ടികളുടെ ഭാവി അപകടത്തിൽപ്പെടുത്തി ബാലനീതി നിയമം കർക്കശമായി നടപ്പിലാക്കുവാനുള്ള തീരുമാനത്തിൽനിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിൻമാറണം. 50 കുട്ടികൾക്ക് മിനിമം 25 സ്റ്റാഫിനെ നിയമിക്കാമെന്ന നിർദേശം സ്ഥാപനങ്ങളെ സാമ്പത്തികമായി പ്രയാസപ്പെടുത്തുമെന്നു എന്നാൽ ഇത്തരം ജീവനക്കാർക്ക് ശമ്പളം നല്കാൻപോലും സർക്കാർ സന്നദ്ധരല്ലെന്നുള്ളതും ഇത്തരുണത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതാണ്. **(മംഗളം, 14/7/2017)**

## കുട്ടികളെ ഉപയോഗിച്ചുള്ള ലൈംഗികത: 3500 ഓളം അശ്ലീല വെബ്സൈറ്റുകൾ തടഞ്ഞു: കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** കുട്ടികളെ ഉപയോഗിച്ചുള്ള ലൈംഗികതയുമായി ബന്ധപ്പെട്ട ഏകദേശം 3500 അശ്ലീല വെബ്സൈറ്റുകൾ ജൂണിൽ തടഞ്ഞതായി കേന്ദ്രസർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ഇന്റർനെറ്റിലെ ഇത്തരത്തിലുള്ള സൈറ്റുകൾ നിരോധിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാത്പര്യ ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ ദീപക് മിശ്ര, എ എം ഖാൻവിൽക്കർ, എം.എം ശന്തനഗൗഡർ എന്നിവരടങ്ങിയ ബെഞ്ചിനെ കേന്ദ്രസർക്കാർ ഇക്കാര്യം അറിയിച്ചത്. **(തേജസ്, 15/7/2017)**

# സഭയുടെപ്രേഷിതദൗത്യം സാധാരണക്കാരിലൂടെ ശക്തിപ്പെടണം:
## ആർച്ച്ബിഷപ് ഡോ. എം. സൂസൈപാക്യം

**കൊച്ചി:** അല്മായരുടേയും ദൗത്യമായി സുവിശേഷവേല മാറുമ്പോഴാണു സഭയുടെ പ്രേഷിത മുഖം കൂടുതൽ തെളിമയുള്ളതാവുന്നതെന്നു കേരള റീജൺ ലാറ്റിൻ കാത്തലിക് കൗൺസിലിൽ (കെആർഎൽസിസി) പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ.എം. സൂസൈപാക്യം. പാലാരിവട്ടം പിഒസിയിൽ ആരംഭിച്ച കെആർഎൽസിസിയുടെ മുപ്പതാമത് ജനറൽ അസംബ്ലിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. കത്തോലിക്കാ സഭയുടെ പ്രേഷിദൗത്യമെന്നതു മെത്രാന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും മാത്രം ചുമതലയല്ല. ബുദ്ധിമാന്മാരും വിവേകികളും പലപ്പോഴും സമൂഹത്തെ വളച്ചൊടിച്ച് സങ്കീർണമാക്കാൻ ശ്രമിക്കുന്നതായി തോന്നിയിട്ടുണ്ട്. യേശു തന്റെ ശിഷ്യരെ പരിശീലിപ്പിച്ചതുപോല പ്രേഷിത പരിശീലനം ലളിതവും സുന്ദരവുമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. **(ദീപിക, 15/7/2017)**

# ഉന്നതവിദ്യാഭ്യാസ രംഗത്തു കൂടുതൽ ശ്രദ്ധവേണം:
## ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

**കൊച്ചി:** പിന്നാക്ക സമുദായങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് കുടുതൽ ശ്രദ്ധ ചെലുത്തണമെന്നു വരാപ്പുഴ ആർച്ചബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പറഞ്ഞു. പാലാരിവട്ടം പി.ഒ.സി.യിൽ നടക്കുന്ന കേരള റീജൺ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെആർഎൽസിസി)മുപ്പതാമത് ജനറൽ അസംബ്ലിയിൽ സിവിൽ സർവീസ് ഗ്രൂമിംഗ് പ്രോഗ്രാം (സിഎസ്ജിപി) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിവിൽ സർവീസ് രംഗത്തു പ്രാതിനിധ്യം കുറവായതുകൊണ്ട് പിന്നോക്കസമുദായങ്ങൾ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഏറ്റവും ഉയർന്ന നിലയിൽ കുട്ടികളെ എത്തിക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കണം. കേരള ലത്തീൻ സഭയ്ക്ക് അഭിമാനകരമായ സംരംഭമാണ് സിഎസ്ജിപി. 32 പേരെയാണ് ഇത്തവണ ഈ പദ്ധതിയിൽ തെരഞ്ഞെടുത്തിരിക്കുന്നതെന്ന് ആർച്ച്ബിഷപ് അറിയിച്ചു. **(ദീപിക, 16/7/2017)**

# പശുമാഹാത്മ്യം ശാസ്ത്രീയമായി പഠിക്കാൻ കേന്ദ്ര സമിതി

**ന്യൂഡൽഹി:** പശു മാഹാത്മ്യം ശാസ്ത്രീയമായി പഠിക്കാൻ പ്രത്യേക കേന്ദ്രസമിതി. നാടൻ പശുക്കളെയും പഞ്ചഗവ്യമായ പശുവിന്റെ ചാണകം, മൂത്രം, പാൽ, തൈര്, നെയ്യ് എന്നിവയെയും കുറിച്ചുള്ള അടിത്തറയുണ്ടാക്കാനാണ് പ്രത്യേക സമിതി. പോഷകാഹാരം ആരോഗ്യം കൃഷി എന്നീ മേഖലകളിൽ പഞ്ചഗവ്യത്തിന്റെ ഗുണഗണങ്ങൾ ശാസ്ത്രീയമായി പഠിക്കും. കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ഹർഷ് വർധനാണ് 19 അംഗസമിതിയുടെ അധ്യക്ഷൻ. ആർഎസ്എസ്-വിഎച്ച്പി അനുബന്ധ സ്ഥാപനങ്ങളിലെ അംഗങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. **(മലയാള മനോരമ, 17/7/2017)**

# കുടിവെള്ളം, മാലിന്യ സംസ്ക്കരണം എന്നിവയ്ക്കു പ്രാധാന്യം നല്കണം: കെആർഎൽസിസി

**കൊച്ചി:** വൻകിട പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള വികസന അജൻഡയിൽ മാറ്റം വരുത്തണമെന്നാണ് സമകാലിക സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നതെന്നു കേരള റീജണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ ജനറൽ അസംബ്ലി അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽ ചൂണ്ടിക്കാട്ടി. നാട്ടിൽ വികസനം വരുമ്പോൾ അതനുസരിച്ചു തകർച്ചകളും സംഭവിക്കുന്നു. പനി ബാധിച്ചു മരിക്കുന്നവരുടെ എണ്ണം ദിനംപ്രതി പെരുകുന്നു. സർക്കാരിന് കാര്യമായ ഇടപെടലിനു കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ജനകീയ വികസന അജൻഡയ്ക്കു സർക്കാർ താത്പര്യം പ്രകടിപ്പിക്കണം. കുടിവെള്ളം, മാലിന്യസംസ്കരണം, ശുചിമുറി, ഭവനനിർമാണം എന്നിവയ്ക്കായിരിക്കണം മുൻഗണന നല്കേണ്ടതെന്നു പ്രമേയം വിശദീകരിച്ച് കെആർഎൽസിസി വൈസ് പ്രസിഡന്റ് ഷാജി ജോർജ് പറഞ്ഞു. കൂടാതെ പിന്നോക്ക വിഭാഗങ്ങൾക്കു സ്പെഷൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കുക, വിലക്കയറ്റം നിയന്ത്രിക്കുക, ദളിത് ക്രൈസ്തവപ്രശ്നം പരിഹരിക്കുക, വയനാട്ടിലേക്കു പുതിയ പാത നിർമിക്കുക, കോട്ടപ്പുറം-കൊല്ലം ദേശീയ ജലപാത പൂർത്തിയാക്കുക, മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക, സിആർഇസഡ് വിജ്ഞാപനത്തിലെ അപകാതകൾ പരിഹരിക്കുക, പുതുവൈപ്പ് സമരത്തിൽ പങ്കെടുത്ത ജനങ്ങളെ ക്രൂരമായി മർദിച്ച പോലീസുകാർക്കെതിരെ നടപടിയെടുക്കുക തുടങ്ങിയ ആവശ്യങ്ങളും രാഷ്ട്രീയ പ്രമേയത്തിൽ ഉന്നയിച്ചിട്ടുണ്ട്. **(ദീപിക, 17/7/2017)**

# മനുഷ്യന് പശുവിന്റെ വിലപോലുമില്ലെന്ന് കോടതി

**ന്യൂഡൽഹി:** പശുസംരക്ഷണത്തിന്റെ കാപട്യം തുറന്നുകാട്ടി ഡൽഹി കോടതി നിരീക്ഷണം. പശുവിനെ കൊന്നാൽ 14 വർഷം തടവുശിക്ഷയുള്ള രാജ്യത്ത് മനുഷ്യനെ കൊന്നാൽ രണ്ടുവർഷം മാത്രം ശിക്ഷ നല്കുന്നത് അരാജകത്വമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. 2008ൽ ഹരിയാനയിൽ അമിതവേഗത്തിലെത്തിയ ബിഎംഡബ്ല്യൂ കാറിടിച്ച് ബൈക്ക് യാത്രികൻ മരിച്ച കേസിൽ വ്യവസായിയുടെ മകനെ രണ്ടുവർഷം തടവിന് ശിക്ഷിച്ച വിധിയിലാണ് ഡൽഹി അഡീഷണൽ സെഷൻസ് ജഡ്ജി സഞ്ജീവ് കുമാറിന്റെ പരാമർശം മനുഷ്യജീവന്റെ നിസ്സാരത മനസ്സിലാക്കാൻ ഈ കോടതിവിധി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ചുകൊടുക്കണമെന്നും വിധിയിൽ പറയുന്നു. **(ദേശാഭിമാനി, 17/7/2017)**

## ആൺകുട്ടികൾക്കെതിരേ പീഡനം വർധിക്കുന്നു

**കോഴിക്കോട്:** സംസ്ഥാനത്ത് ആൺകുട്ടികൾക്കെതിരേ ഉണ്ടാവുന്ന പീഡനങ്ങളിൽ ഒരു വർഷത്തിനിടെ വൻവർധന. പൊലീസിലും ചൈൽഡ് ലൈൻ സെന്ററുകളിലും റിപ്പോർട്ട് ചെയ്ത ഇത്തരം പീഡന കേസുകളുടെ കണക്ക് നോക്കിയാൽ കഴിഞ്ഞ ആറുമാസങ്ങൾക്കിടെ തന്നെ വലിയ തോതിൽ വർദ്ധനവുണ്ട്. കേരളത്തിൽ ആൺകുട്ടികളിൽ 39 ശതമാനത്തോളം പേർക്കും ഒരിക്കലെങ്കിലും ഒരു ലൈംഗിക ദുരനുഭവമുണ്ടായിട്ടുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ...... **(ജനയുഗം, 17/7/2017)**

## മദ്യത്തിനെതിരായ സമരം; മനസ്സ് മടുത്തു: സുഗതകുമാരി

**തിരുവനന്തപുരം:** മദ്യത്തിനെതിരെ നടത്തുന്ന സമരത്തിൽ തന്റെ മനസ്സ് മടുത്തുവെന്ന് സുഗതകുമാരി. എല്ലാ രാഷ്ട്രീയപാർട്ടികളിലുമുള്ള വിശ്വാസം നഷ്ടപ്പെടുന്നുവെന്നും അവർ പറഞ്ഞു. ഇടതുസർക്കാരിന്റെ മദ്യനയത്തിനെതിരേ കെ.പി.സി.സി. സംഘടിപ്പിച്ച ജനസദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. സംസ്ഥാന സർക്കാരിന്റെ പുതിയ മദ്യനയം സ്ത്രീസമൂഹത്തിനെതിരാണ്. യു.ഡി.എഫിന്റെ മദ്യനയം തിരുത്തിയതോടെ കേരളത്തിലെ സ്ത്രീകളോട് കടുത്ത ദ്രോഹമാണ് ഇടതുസർക്കാർ ചെയ്തത്. കേരളത്തിൽ കൂടുതൽ സ്ത്രീകളും പീഡനമനുഭവിച്ചത് മദ്യപിച്ചെത്തിയ പുരുഷന്മാരിൽനിന്നാണ്. **(മാതൃഭൂമി, 18/7/2017)**

## നിരപരാധികളെ ജയിലിൽ അടയ്ക്കുന്നത് വർധിച്ചു: മനുഷ്യാവകാശ കമ്മീഷൻ

**ആലുവ:** സംസ്ഥാനത്ത് നിസ്സാരകുറ്റത്തിന് നിരപരാധികളെ ജയിലിൽ അടയ്ക്കുന്നത് വർധിച്ചുവെന്ന് മനുഷ്യാവകാശ കമ്മിഷൻ ആക്ടിങ് ചെയർമാൻ പി. മോഹൻദാസ് പറഞ്ഞു. ഏതെങ്കിലും സംഭവത്തിൽ പോലീസിന്റെ അനിഷ്ടത്തിന് ഇരയായാൽ ഐ.പി.സി 332,333 വകുപ്പുകൾ ചേർത്ത് നിരപരാധികളെ റിമാൻഡ് ചെയ്യിപ്പിക്കുകയാണ്. പോലീസ് നല്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോടതി ജാമ്യം അനുവദിക്കുന്നതും നിഷേധിക്കുന്നതും. ഇത്തരത്തിൽ രണ്ട് സംഭവങ്ങൾ ആലുവ പാലസിൽ നടന്ന മനുഷ്യാവകാശ കമ്മീഷന്റെ പരിഗണനയ്ക്ക് വന്നിരുന്നു. **(മാതൃഭൂമി, 18/7/2017)**

## സ്നേഹവും കരുണയും നീതിനിർവഹണത്തിന്റെ ഭാഗമാകണം: മാർ പോളി കണ്ണൂക്കാടൻ

**ഇരിങ്ങാലക്കുട:** സ്നേഹവും കരുണയും നീതിനിർവഹണത്തിന്റെ ഭാഗമാകുമ്പോഴാണ് നീതി നിർവഹണം യാഥാർഥ്യമാകുന്നതെന്ന് ഇരിങ്ങാലക്കുട രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടൻ സഭാനിയമ വിദഗ്ധരെ ഓർമിപ്പിച്ചു. ഇരിങ്ങാലക്കുട രൂപതയിലെ കല്ലേറ്റുംകര പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ ഓറിയന്റൽ കാനൻ ലോ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. **(ദീപിക, 19/7/2017)**

## ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഹ്വാനം; മതം ഉപേക്ഷിക്കുക, അല്ലെങ്കിൽ ശിക്ഷ

**ബെയ്ജിംഗ്:** ഏകതയ്ക്കായി മതം ഉപേക്ഷിക്കാൻ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി അണികളോട് ആഹ്വാനം ചെയ്തു. അല്ലാത്ത പക്ഷം ശിക്ഷാ നടപടികൾ നേരിടേണ്ടിവരുമെന്നും പാർട്ടി വ്യക്തമാക്കി. ഒമ്പത് കോടി അണികളാണ് ചൈനീസ് പാർട്ടിക്കുള്ളത്. പാർട്ടി അംഗങ്ങൾക്ക് മതവിശ്വാസം പാടില്ലെന്നും വിശ്വസിക്കുന്നവർ അതുപേക്ഷിക്കണമെന്നും ചൈനയുടെ മതകാര്യഅധികൃതർ അറിയിച്ചു. **(ദീപിക, 20/7/2017)**

## മതംമാറ്റവും തീവ്രവാദവും; മിശ്രവിവാഹിതരെക്കുറിച്ച് അന്വേഷിക്കുന്നു

**കാളികാവ്:** തീവ്രവാദ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മിശ്രവിവാഹങ്ങൾ സംബന്ധിച്ച് പോലീസിന്റെ സ്പെഷ്യൽബ്രാഞ്ച് അന്വേഷിക്കുന്നു. വിവാഹത്തിലേക്ക് നയിച്ച കാരണം, വിവാഹത്തിന് മുമ്പും ശേഷവുമുള്ള സാമ്പത്തിക സ്ഥിതി എന്നിവയാണ് പ്രധാനമായും അന്വേഷിക്കുന്നത്. മുസ്ലീം യുവാക്കൾ ഹിന്ദു യുവതികളെ വിവാഹംകഴിച്ച് ഐ.എസ്. ഭീകരതയിലേക്ക് മാറ്റുന്നവെന്നതുൾപ്പെടെയുള്ള അഭ്യൂഹങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് രഹസ്യാന്വേഷണം നല്കുന്ന സൂചന. കാസർകോട്, മലപ്പുറം ജില്ലകളിലാണ് മതംമാറിയുള്ള വിവാഹങ്ങൾ കൂടുന്നത്. .... **(മാതൃഭൂമി, 21/7/2017)**

## ഇന്ത്യൻ ജനാധിപത്യത്തെ നിയന്ത്രിക്കുന്നത് അദൃശ്യപണം: അരുൺ ജെയ്റ്റ്ലി

**ന്യൂഡൽഹി:** കഴിഞ്ഞ എഴുപതു വർഷമായി ഇന്ത്യൻ ജനാധിപത്യത്തെ നിയന്ത്രിക്കുന്നത് അദൃശ്യപണമാണെന്ന് ധനമന്ത്രി അരുൺ ജെയ്റ്റ്ലി. ജനപ്രതിനിധികൾ, സർക്കാരുകൾ, രാഷ്ട്രീയ പാർട്ടികൾ, പാർലമെന്റ് എന്നിവയെല്ലാം അതിന്റെ നിയന്ത്രണത്തിലാണ്. അത് നിയന്ത്രിക്കുന്നതിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ സമ്പൂർണപരാജയമാണ് – ജെയ്റ്റ്ലി കുറ്റപ്പെടുത്തി. തെരഞ്ഞെടുപ്പ് ചിലവുകൾ സർക്കാർ നേരിട്ട് വഹിക്കണമെന്നതടക്കം ഇതുസംബന്ധിച്ച് ഔദ്യോഗിക സമിതികളുടെ റിപ്പോർട്ടുകളെപ്പറ്റി യാതൊന്നും പറയാതെയുള്ള ജെയ്റ്റ്ലിയുടെ പരാമർശം ഡൽഹി ഇക്കണോമിക് കോൺക്ലേവിലായിരുന്നു. **(ജനയുഗം, 23/7/2017)**

# ലോകത്ത് മൂന്നിലൊന്നു ബാലവിവാഹവും നടക്കുന്നത് ഇന്ത്യയിൽ

**ന്യൂഡൽഹി:** ലോകത്ത് ഏറ്റവുമധികം ബാലവിവാഹങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഇന്ത്യയിൽ. രാജ്യത്ത് ബാലവിവാഹിതരുടെ എണ്ണം 10 കോടിയെന്നാണ് കണക്ക്. ഇതിൽ എട്ടര കോടിയും പെൺകുട്ടികളാണ്. ലോകത്തെ പ്രായപൂർത്തിയെത്താതെ വിവാഹം കഴിച്ച ഓരോ മൂന്നുപേരിലും ഒരാൾ ഇന്ത്യക്കാരാണെന്നും ആക്ഷൻ എയ്ഡ് ഇന്ത്യ പുറത്തുവിട്ട ഇന്ത്യയിൽ നിന്ന് ബാലവിവാഹം വിപാടനം ചെയ്യൽ എന്ന റിപ്പോർട്ടിൽ പറയുന്നു. .... **(സുപ്രഭാതം, 24/7/2017)**

# ഓർഡിനൻസ് രാജ് വേണ്ട: പ്രണബ് മുഖർജി

**ന്യൂഡൽഹി:** പാർലമെന്റിൽ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ ഓർഡിനൻസ് ഭരണത്തെ വിമർശിച്ച് രാഷ്ട്രപതി പ്രണബ് മുഖർജി. രാഷ്ട്രപതി സ്ഥാനത്ത് കാലാവധി പൂർത്തിയാക്കാനിരിക്കെ പാർലമെന്റിൽ നല്കിയ യാത്രയപ്പിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ളവർക്ക് മുന്നിൽ പ്രണബ് ഓർഡിനൻസ് രാജിനെതിരെ രംഗത്തെത്തിയത്. നിർബന്ധിത സാഹചര്യങ്ങളിൽ മാത്രമേ ഓർഡിനൻസിനെ ആശ്രയിക്കാവൂ എന്നും സംവാദത്തിനും വിയോജിപ്പിനും നിയമനിർമാണത്തിനുമുള്ള വേദി എന്ന നിലയിൽ പാർലമെന്റിന്റെ പ്രാധാന്യം നഷ്ടപ്പെടുത്തരുതെന്നും അദ്ദേഹം പറഞ്ഞു. **(ചന്ദ്രിക, ദീപിക, 24/7/2017)**

# തിരുവനന്തപുരത്തു സമാധാനം ഉറപ്പാക്കണം:

## കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ

**തിരുവനന്തപുരം:** തിരുവനന്തപുരത്തു സമാധാനവും ഐശ്വര്യവും സഹവർത്തിത്തവും ഉറപ്പാക്കണമെന്ന് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ. സമാധാനം പുലരുന്നതിനായി പട്ടം ബിഷപ്സ് ഹൗസിൽ സംഘടിപ്പിച്ച മതേതര കൂട്ടായ്മയിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. **(ദീപിക, 5/8/2017)**

# ബ്ലൂ വെയിൽ ഗെയിം; കേന്ദ്ര നിലപാടിനു സ്വാഗതം:

## മുഖ്യമന്ത്രി പിണറായി വിജയൻ

**തിരുവനന്തപുരം:** ബ്ലൂ വെയിൽ ഗെയിം വ്യാപിക്കുന്നതു തടയാൻ നടപടി സ്വീകരിക്കുമെന്ന കേന്ദ്രസർക്കാർ നിലപാടിനെ സ്വാഗതം ചെയ്യുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. സോഷ്യൽ മീഡിയകളിലൂടെ ബ്ലൂ വെയിൽ ലഭ്യമാവുന്നതു തടയാൻ കേന്ദ്ര ഐടി വകുപ്പ് നിർദ്ദേശം നല്കിയിരിക്കുകയാണ്.

ഗെയിം നിരോധിച്ച് ഇന്റർനെറ്റിൽ ലഭ്യമല്ലാതാക്കാൻ വിവിധ വകുപ്പുകൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. ഇതിനോട് അനുകൂലമായി കേന്ദ്രസർക്കാർ പ്രതികരിച്ചതിൽ സന്തോഷമുണ്ട്. ഈ വിഷയത്തിൽ സംസ്ഥാനസർക്കാരും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. **(മംഗളം,17/8/2017)**

## പൗരോഹിത്യ സുവർണജൂബിലി ആഘോഷിക്കുന്ന ഡോ. ജോർജ് മഠത്തിപറമ്പിലച്ചന് ആശംസകൾ



**കെസിബിസി** ഐക്യജാഗ്രതാ കമ്മീഷന്റെ ജോയിന്റ് സെക്രട്ടറിയായും സീറോമലബാർ സഭയുടെ ഉന്നതവിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയായും പബ്ലിക് അഫയേഴ്സ് സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്ന പ്രഗല്ഭനായ വിദ്യാഭ്യാസ വിചക്ഷണനും അടിയുറച്ച ആധ്യാത്മികതയുടെ അടയാളവുമായ റവ. ഡോ. ജോർജ് മഠത്തിപ്പറമ്പിലിന് കെസിബിസി ഐക്യജാഗ്രതാകമ്മീഷന്റെ പേരിൽ പൗരോഹിത്യ സുവർണജൂബിലിയുടെ മംഗളങ്ങളും എല്ലാ ദൈവാനുഗ്രഹങ്ങളും ഒത്തിരിസ്നേഹത്തോടെ നേരുന്നു.




INTERNATIONAL PILGRIMAGE REVOLUTION PRIVATE LIMITED

DOMESTIC AND INTERNATIONAL TOUR PACKAGES, HOLYLAND PACKAGE, AIR TICKETING & VISA

KAP COMMERCIAL CENTRE, RS ROAD, ALUVA, KERALA. PIN: 683101, INDIA
Phone: 0484 2626205 Web: www.gowithipr.com Email: info@gowithipr.com